# അൽഹഖ്

ഒക്ടോബർ 2006


AHMADIYYA NEWS BULLETTIN

A PUBLICATION OF MAJLIS KHUDDAM-UL-AHMADIYYA - KERALA

PRIVATE CIRCULATION


## വെള്ളിയാഴ്ച ഖുത്വ്ബ കേൾക്കലും നിർബന്ധമാണ്

### ഹസ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ്



കാലത്തിന്റെ ഇമാമിന് ബയ്അത്ത് ചെയ്തിട്ടും ചില അഹ്മദികളും ഈ സമൂഹത്തിന്റെ ദോഷത്തിനും അനാചാരത്തിനും ഇരയായിക്കൊണ്ട് ജുമുഅയുടെ പ്രാധാന്യത്തെ മറന്ന്, ജുമുഅത്തുൽവിദായുടെ സങ്കല്പം മനസ്സിൽവെച്ചുപുലർത്തുന്നു. അഹ്മദിയ്യത്തിന്റെ ഖലീഫമാർ ഈ സങ്കല്പത്തെ മനസ്സുകളിൽനിന്ന് അകറ്റുന്നതിനായി പല പ്രാവശ്യവും പറഞ്ഞിട്ടുണ്ട്. അത്തരക്കാർ ഇക്കാര്യത്തെക്കുറിച്ച് സമ്മതിച്ചാലും വേണ്ടില്ല സമ്മതിച്ചില്ലെങ്കിലും വേണ്ടില്ല, അവർ തങ്ങളുടെ സ്ഥിതി കൊണ്ടും കർമ്മംകൊണ്ടും ഇത് പ്രകടിപ്പിക്കുന്നവരാണ്. പൊതുവെ വർഷംമുഴുവൻ പള്ളിയിൽ ജുമുഅയിലുണ്ടാകുന്ന ഹാജർനിലയെക്കാൾ റമളാൻ മാസത്തിൽ ഒരു പ്രത്യേക സാഹചര്യം കാരണത്താൽ കൂടുതൽ ഹാജർനില ഉണ്ടാകുന്നത് സ്വാഭാവികമാണ്. പക്ഷേ, റമളാനിലെ അവസാനത്തെ വെള്ളിയാഴ്ച ഈ ഹാജർനില റമളാനിലെ മറ്റു ജുമുഅകളെ അപേക്ഷിച്ച് വളരെയധികം കൂടുതലായിത്തീരുന്നു. ഇതിൽനിന്ന് ഇന്ന് ജനങ്ങളുടെ ശ്രദ്ധ ഇതിലേക്ക് കൂടുതലാണെന്ന് വ്യക്തമാണ്. കേന്ദ്രത്തിലോ അല്ലെങ്കിൽ ഖലീഫ നമസ്കരിപ്പിക്കുന്ന സ്ഥലത്തോ ഈ ജുമുഅയിൽ ആളുകൾ കൂടുതൽ പങ്കെടുക്കാൻ ശ്രമിക്കുമെന്ന് പറഞ്ഞേക്കാം. അത് ശരിതന്നെയാണ്. പക്ഷേ, ജമാഅത്തുകൾ പരിശോധിക്കുകയാണെങ്കിൽ റമളാനിലെ അവസാനജുമുആയുടെ ഹാജർനില ഓരോ പള്ളിയിലും ആദ്യത്തേക്കാൾ കൂടുതലുണ്ടാകുന്നുവെന്ന് കാണാം. ഇത് വെളിപ്പെടുത്തുന്നത് റമളാന്റെ അവസാനത്തെ ജുമുആയിൽ പങ്കെടുക്കുക, ജുമുഅ നമസ്കരിക്കുക, പാപം പൊറുപ്പിക്കുക എന്നതാണ്. അല്ലാഹുതആല റമളാനിൽ ആദ്യത്തേക്കാൾ കൂടുതൽ മനുഷ്യരോട് ദയയോടുകൂടി പെരുമാറുന്നു എന്നത് ശരിതന്നെ. പക്ഷേ, അല്ലാഹുവിന്റെ ഈ പെരുമാറ്റം കാരണം അവൻ നൽകിയ പാഠമനുസരിച്ച് പ്രവർത്തിക്കാൻ മനുഷ്യനും കഴിയുന്നിടത്തോളം പരിശ്രമിക്കേണ്ടതാണ്. ഞാൻ പറഞ്ഞതുപോലെ അല്ലാഹു വിശുദ്ധ ഖുർആനിലും നബി(സ) തിരുമേനി വിവിധ സന്ദർഭങ്ങളിലും ജുമുഅ ദിവസത്തെ പ്രാധാന്യത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നു. എന്നാൽ, ജുമുഅത്തുൽവിദായ്ക്ക് എന്തെങ്കിലും പ്രാധാന്യമുള്ളതായി ഒന്നും പറഞ്ഞുകാണുന്നില്ല. എന്നല്ല, ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) പറയാറുണ്ടായിരുന്നു, റമളാന്റെ അവസാനത്തെ ജുമുആയിൽനിന്ന് നമുക്ക് കിട്ടുന്ന പാഠം നമ്മുടെ ഉള്ളിൽ പരിശുദ്ധമായ മാറ്റമുണ്ടാക്കിക്കൊണ്ട് ഈ ജുമുഅയിൽനിന്ന് റമളാനുശേഷം വരുന്ന ജുമുആകൾക്കുള്ള തയ്യാറെടുപ്പോടും അതിനെ സ്വാഗതം ചെയ്യാനുള്ള ഒരുക്കത്തോടും കൂടി പുറത്തുവരിക എന്നതാണ്. പിന്നീട് വരുന്ന ഓരോ ജുമുആയും പുതിയതായി വരുന്ന ജുമുആയ്ക്കുള്ള തയ്യാറെടുപ്പായിക്കൊണ്ട് ആത്മീയതയിൽ അഭിവൃദ്ധിയ്ക്കുള്ള പുതിയ വഴി കാണിച്ചുകൊണ്ടുപോകുന്നതായി മാറണം. അങ്ങനെ നമ്മുടെ യുള്ളിൽ ആത്മീയമായ വെളിച്ചത്തിന്റെ ദീപത്തിൽനിന്ന് ദീപം തെളിച്ചുകൊണ്ടേ പോകണം. ഈ പരമ്പര ഒരിക്കലും അവസാനിക്കാത്തതായി തീരണം. ഭാവിയിൽ വരുന്ന ഓരോ റമളാനും നമുക്ക് ആത്മീയതയുടെ പുതിയ വഴികൾ കാണിക്കുന്ന റമളാനായി മാറണം. പുതിയ നിലകളിലേക്ക് നയിക്കുന്ന റമളാനായിരിക്കണം. അതിന്റെ ലക്ഷണം ഓരോ നിമിഷവും നമ്മുടെ ജീവിത

(ശേഷം 3-ാം പേജിൽ)

## പാക്കിസ്ഥാനിൽ മൂന്ന് അഹ്മദികൾ അറസ്റ്റിൽ

ന്യൂസ് ഡെസ്ക്

**റബ്വ (പാക്കിസ്ഥാൻ), ഒക്ടോബർ 5:** യാതൊരു കുറ്റവും ചെയ്യാതെ പാക്കിസ്ഥാനിൽ പോലീസ് മൂന്ന് അഹ്മദികളെ അറസ്റ്റ് ചെയ്തു. അൽഫസൽ പത്രത്തിൽ മുസ്‌ലിംകളുടെ വികാരങ്ങളെ വ്രണപ്പെടുത്തുന്ന ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്നു എന്ന് പറഞ്ഞാണ് അറസ്റ്റ് ചെയ്തത്. ഖാസിം അഹ്മദ്, അബ്ദുസ്സത്താർ, സുൽത്താൻ അഹ്മദ് ദോഗർ എന്നീ മൂന്നുപേരെയാണ് അറസ്റ്റ് ചെയ്തത്. എന്നാൽ ഈ മൂന്നു പേർക്കും അൽഫസൽ പത്രവുമായി യാതൊരു ബന്ധവുമില്ലെന്ന് ബന്ധപ്പെട്ടവർ അറിയിച്ചു. സെപ്തംബർ 9-ന് എഡിറ്ററേയും പബ്ലിഷറേയും തിരഞ്ഞ് അൽഫസൽ ഓഫീസ് റെയിഡ് ചെയ്ത പോലീസ് അവരെ കിട്ടാത്തപ്പോഴാണ് യാതൊരു ബന്ധവുമില്ലാത്ത ഇവരെ പിടിച്ചുകൊണ്ടുപോയത്. ക്രിമിനൽ നിയമത്തിലെ നിരവധി വകുപ്പുകൾ ലംഘിച്ചതായാണ് ഇവരുടെ പേരിൽ ചുമത്തിയ കുറ്റം. മതനിന്ദാനിയമം, ഭീകരവിരുദ്ധനിയമം തുടങ്ങിയ വകുപ്പുകൾ ഇവർക്കെതിരെ ആരോപിച്ചിട്ടുണ്ട്.

ഈ മൂന്നുപേരിൽ 60 വയസ്സുള്ള സുൽത്താൻ അഹ്മദ് ദോഗർ ഡയബറ്റിക് അസുഖത്തിന് ദിവസവും രണ്ടുവീതം ഇൻസുലിൻ ഇഞ്ചക്ഷൻ ആവശ്യമുള്ള വ്യക്തിയാണ്. അറസ്റ്റിന് രണ്ട് ദിവസങ്ങൾക്കു ശേഷം ഇദ്ദേഹത്തെ ഫൈസലാബാദിലെ ഭീകരവിരുദ്ധ കോടതിയിൽ ഹാജരാക്കിയെങ്കിലും കേസ് മറ്റൊരു ദിവസത്തേക്ക് മാറ്റി വെക്കുകയായിരുന്നു. സെപ്തംബർ 18-ന് കോടതി ജാമ്യം നിഷേധിക്കുകയും കേസ് 25-ലേക്ക് മാറ്റി വെക്കുകയും ചെയ്തു. എന്നാൽ 25-ന് ചേർന്ന കോടതി-വാദം ഒക്ടോബർ 4-ലേക്ക് മാറ്റിവെച്ചു. ഇതിനിടയിൽ ദോഗർ സാഹിബിന്റെ ആരോഗ്യനില കൂടുതൽ വഷളായിട്ടുണ്ട്. കുറ്റക്കാരനായി വിധിക്കുകയാണെങ്കിൽ ഏഴുവർഷംവരെ തടവ് ശിക്ഷ ലഭിച്ചേക്കാം.

മേൽകുറ്റാരോപണങ്ങൾ വസ്തുതകൾക്ക് വിരുദ്ധമാണെന്നും പത്രസ്വാതന്ത്ര്യത്തിന്മേലുള്ള കടന്നുകയറ്റമാണിതെന്നും അഹ്മദികൾ ആരോപിച്ചു.

## സദ്ദാമിന് വധശിക്ഷ!

**ബാഗ്ദാദ്:** ഇറാഖ് മുൻപ്രസിഡന്റ് സദ്ദാം ഹുസൈനെ തൂക്കിക്കൊല്ലാൻ ബാഗ്ദാദിലെ പ്രത്യേക കോടതി ഞായറാഴ്ച വിധിച്ചു. ഇറാഖിലെ മുൻരഹസ്യാന്വേഷണ തലവൻ ബർസാൻ അൽതിക്രിതി, മുൻചീഫ് ജസ്റ്റിസ് അഖാദ് ഹമീദ് അൽ ബന്ദർ എന്നിവർക്കും വധശിക്ഷ വിധിച്ചിട്ടുണ്ട്. ഇറാഖ് മുൻവൈസ് പ്രസിഡന്റ് താഹയാസിൻ റമദാന് ജീവപര്യന്തം തടവും ബാത്ത് പാർട്ടിയുടെ മുതിർന്ന നേതാക്കളായ അബ്ദുള്ള ഖദീം റുവെയ്ദ്, അബ്ദുല്ല റുവൈദ്, മിസർ അലി തയിം അലി എന്നിവർക്ക് 15 വർഷം വീതം തടവ് ശിക്ഷയും ലഭിച്ചു. 1982-ൽ സദ്ദാം ഹുസൈനെതിരെയുണ്ടായ വധശ്രമത്തെ തുടർന്ന് 148 ശിയാവംശജർക്ക് വധശിക്ഷ നൽകിയത് സംബന്ധിച്ച കേസിലാണ് വിധി.



അമേരിക്കയും സഖ്യകക്ഷികളും ഒഴിച്ചുള്ള ലോകത്തിലെ മുഴുവൻ രാഷ്ട്രങ്ങളും വിധിക്കെതിരെ പ്രതികരിച്ചിട്ടുണ്ട്. ഹിരോഷിമയിലും നാഗസാക്കിയിലും അണുബോംബിട്ടും കൊറിയൻയുദ്ധം, വിയറ്റ്നാം യുദ്ധം തുടങ്ങിയ നിരവധി കിരാത നടപടികളിലൂടെയും നിരവധി ലക്ഷം നിരപരാധികളെ കൊന്നൊടുക്കിയ അമേരിക്ക സദ്ദാം മനുഷ്യരാശിയുടെമേൽ ചെയ്ത കുറ്റകൃത്യങ്ങൾ പറയുന്നത് പരിഹാസ്യമാണെന്ന് വിവിധ മാധ്യമങ്ങൾ പ്രതികരിച്ചിട്ടുണ്ട്. അന്താരാഷ്ട്ര കോടതിയിൽ കുറ്റവിചാരണ നടത്തണമെന്ന ആവശ്യം നിരാകരിച്ച് അമേരിക്കയുടെ മേൽനോട്ടത്തിൽ തട്ടിക്കൂട്ടിയ കോടതിയാണ് ഇപ്പോൾ വിധി പ്രസ്താവിച്ചിട്ടുള്ളത്. സദ്ദാമിന്റെ അഭിഭാഷകർക്ക് സംരക്ഷണം നൽകാൻ പോലും കോടതിക്കായില്ലായെന്നത് ഈ വിധിനാടകത്തിന്റെ ആഴം കൂട്ടുന്നു.

## ഉൾപ്പേജുകളിൽ


| | |
|---|---|
| പേജ് 3 | അഫ്ഗാൻ വനിതകൾ സിനിമ നിർമ്മിക്കുന്നു<br>ഇൻസ്പെക്ടർ ഒരു ദിവസത്തേക്ക് |
| പേജ് 4 | പെരുന്നാൾ – ത്യാഗത്തിന്റെയും ദൈവസ്മരണയുടെയുംദിനങ്ങൾ |
| പേജ് 5 | നീതിയുടെ തുടക്കം– ഇസ്ലാമിൽ നിന്ന് |
| പേജ് 7 | പിന്നിട്ട നാളുകൾ– പ്രൊഫ. എം. മുഹമ്മദ് സാഹിബ് |


## ശ്രീലങ്കയിൽ ഒരു ശഹാദത്ത്

പ്രത്യേക പ്രതിനിധി

**ശ്രീലങ്ക, ഒക്ടോബർ 14:** ശ്രീലങ്കയിലെ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ഒരു പള്ളിയിൽ മസ്ജിദ് ഖാദിമായി പ്രവർത്തിച്ചുവരികയായിരുന്ന അബ്ദുല്ലാ നിയാസ് സാഹിബ് ഒരു കൂട്ടം ശത്രുക്കളാൽ ശഹീദാക്കപ്പെട്ടു. മസ്ജിദ് ഖാദിമിന്റെ ജോലികൾക്കു പുറമെ കുട്ടികളെ ഖുർആൻ പഠിപ്പിക്കുകയും ചെയ്തിരുന്നു. പുലർച്ചെ നാലുമണിക്ക് സുബഹി നമസ്കാരത്തിനായി പള്ളിയിലേക്ക് പോകുമ്പോൾ വീടിനടുത്ത് പതിയിരുന്ന അക്രമികൾ കഠാരയും വടിവാളുകളുമായി ചാടിവീഴുകയും തുരുതുരാ വെട്ടുകയുമായിരുന്നു. പരേതന്റെ 96 വയസ്സ് പ്രായമായ മാതാവ് ജീവിച്ചിരിപ്പുണ്ട്. നിയാസ് സാഹിബിന് മൂന്നാൺകുട്ടികളും ഒരു പെൺകുട്ടിയുമുണ്ട്.

ശ്രീലങ്കയിൽനിന്നും പാക്കിസ്ഥാനിലെത്തി പരിശീലനം നേടി തിരിച്ചുവന്ന ഒരു മൗലവിക്ക് ഈ കൊലപാതകത്തിൽ പങ്കുണ്ട്. ഖാദിയാനികളെ കൊലചെയ്താൽ പ്രതിഫലമുണ്ട്, ഇതാണ് ഏറ്റവും വലിയ ജിഹാദ്, നോമ്പുമാസത്തിൽ ദൈവപ്രീതി കരസ്ഥമാക്കാൻ അഹ്മദികളെ കൊല്ലേണ്ടതാണ് എന്നിങ്ങനെ ഈ മൗലവി പ്രകോപനപരമായി ആഹ്വാനം ചെയ്തിരുന്നു. പാക്കിസ്ഥാനിൽനിന്നും ശ്രീലങ്കയിലെത്തിയ 21 വയസ്സുള്ള ഒരു അഹ്മദിയുവാവിനേയും വധിക്കാൻ ഇക്കൂട്ടർ ശ്രമം നടത്തിയിരുന്നു. ഗുരുതരമായി പരിക്കേറ്റ അദ്ദേഹം ആശുപത്രിയിൽ ചികിത്സയിലാണ്. പരിസരവാസികൾ അദ്ദേഹത്തെ രക്ഷപ്പെടുത്തുകയായിരുന്നു. ശ്രീലങ്കയിൽ വർദ്ധിച്ചുവരുന്ന ഇത്തരം പ്രവർത്തനങ്ങളിൽ അഹ്മദികൾ നടുക്കം പ്രകടിപ്പിച്ചു.

## അഫ്ഘാനിൽ ലക്ഷങ്ങൾ കൊടുംപട്ടിണിയിൽ

**കാബൂൾ:** ആഭ്യന്തരയുദ്ധവും ഒപ്പം വരൾച്ചയും രൂക്ഷമായതോടെ അഫ്ഘാനിസ്ഥാനിൽ 20 ലക്ഷത്തോളം പേർ കൊടുംപട്ടിണിയിൽ അകപ്പെട്ടതായി അഫാഘാൻ ഗവർമ്മെന്റും യു.എൻ. ഏജൻസികളും റിപ്പോർട്ട് ചെയ്തു. തെക്കൻ അഫ്ഘാനിൽ നിലനിൽക്കുന്ന രൂക്ഷമായ സൈനിക ഏറ്റുമുട്ടലുകളും കടുത്ത വരൾച്ചയുമാണ് ലക്ഷങ്ങളെ പട്ടിണിയിലേക്ക് തള്ളിവിട്ടതെന്ന് റിപ്പോർട്ടുകൾ പറയുന്നു. ഇവിടങ്ങളിൽ ഇരുപതിനായിരത്തിലധികം കുടുംബങ്ങൾ സംഘർഷം കാരണമായി ഒഴിഞ്ഞുപോയിട്ടുണ്ട്. ഇവിടെ നിലനിൽക്കുന്ന ജിഹാദി സങ്കൽപങ്ങളുടെ അനന്തരഫലമായി നിരവധി പുരുഷന്മാർ കൊല്ലപ്പെട്ടത് ഈ രാജ്യത്തിലെ വിധവകളുടെ എണ്ണവും ക്രമാതീതമായി അധികരിപ്പിച്ചിട്ടുണ്ട്. ഭർത്താക്കന്മാരും മക്കളും നഷ്ടപ്പെട്ട സ്ത്രീകൾ നിലനില്പിനായി വേശ്യാവൃത്തിയിലേക്ക് എത്തിപ്പെടുന്നതായും അതിന് തയ്യാറാകാത്തവർ സ്വയം മരിക്കാൻ തയ്യാറെടുക്കുന്നതായും വിവിധ ഏജൻസികൾ പറയുന്നു.

## തർബിയ്യത്ത് യോഗം

**കമ്പളക്കാട്, ഒക്ടോബർ 13:** കമ്പളക്കാട് ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ തർബിയ്യത്ത് ക്ലാസ്സ് സംഘടിപ്പിച്ചു. അൻസാറുല്ലാ സഈമിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കമ്പളക്കാട് ഖാഇദ് ആബിദ് സാഹിബ് വിഷയം അവതരിപ്പിച്ച് സംസാരിച്ചു. മൗലവി ജംശാദ് സാഹിബ് വിശുദ്ധ ഖുർആനെ സംബന്ധിച്ച് ക്ലാസ്സ് നടത്തി.

## തർബിയ്യത്ത് ക്ലാസ്സ് സംഘടിപ്പിച്ചു

**കണ്ണൂർ സിറ്റി, ഒക്ടോബർ 15:** കണ്ണൂർസിറ്റി മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 15-ന് ഞായറാഴ്ച തർബിയ്യത്ത് ക്ലാസ്സ് നടത്തി. മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ്, ടി. സമീർ സാഹിബ് എന്നിവർ പ്രസംഗിച്ചു. ഖാഇദ് പി. ശഫി അഹ്മദ് സാഹിബ് അധ്യക്ഷനായിരുന്നു. ലജ്ന യുൾപ്പെടെ ജമാഅത്തിലെ മുഴുവൻ അംഗങ്ങളും തർബിയ്യത്ത് ക്ലാസ് ശ്രവിക്കാൻ എത്തിച്ചേർന്നിരുന്നു.

## പ്രഭാഷണ പരമ്പര

**കണ്ണൂർ ടൗൺ:** റംസാൻ പ്രമാണിച്ച് കണ്ണൂർ ടൗൺ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ ഞായറാഴ്ചകളിൽ പ്രത്യേക പ്രഭാഷണങ്ങൾ സംഘടിപ്പിച്ചു. ആദ്യ ഞായറാഴ്ച നടന്ന ക്ലാസിൽ കെ. അബ്ദുൾ അസീസ് സാഹിബ് മുഖ്യപ്രഭാഷണം നിർവ്വഹിച്ചു. നമസ്കാരവും, നമസ്കാരത്തിലെ ദുആകളും ആയിരുന്നു വിഷയം. ബി. നസിം അധ്യക്ഷത വഹിച്ചു. രണ്ടാമത്തെ ഞായറാഴ്ച നടന്ന പ്രഭാഷണ പരിപാടിയിൽ മദാർ അബ്ദുശ്ശക്കൂർ സാഹിബ് പ്രഭാഷകനായിരുന്നു. സൂഫിസത്തിന്റെയും തഖ്‌വയുടെയും പ്രത്യേകതകളെപ്പറ്റി അദ്ദേഹം ക്ലാസ്സെടുത്തു. സുബിൻ അഷ്റഫ് അധ്യക്ഷനായിരുന്നു. മൂന്നാം ഞായറാഴ്ച പ്രഭാഷണം നടത്തിയത് മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ് ആയിരുന്നു. ദീനിന്റെ പ്രബലതയെക്കുറിച്ചാണ് അദ്ദേഹം സംസാരിച്ചത്. സജിൻനിസാർ ഈ പരിപാടിയിൽ അധ്യക്ഷം വഹിച്ചു.

# ജീവിതത്തിന്റെ നല്ലവശം സ്വീകരിക്കുക: പ്രൊഫ. എം. മുഹമ്മദ്

സ്വന്തം പ്രതിനിധി



ഖുർആന്റെ വെളിച്ചത്തിൽ ജീവിതത്തിന്റെ നല്ലവശങ്ങളെയാണ് മനുഷ്യൻ സ്വീകരിക്കേണ്ടതെന്ന് പ്രൊഫ. എം. മുഹമ്മദ് സാഹിബ് പറഞ്ഞു. കണ്ണൂർ ടൗൺ മജ്‌ലിസ്, ഖുദ്ദാമുൽ അഹ്മദിയ്യാ ഒക്ടോബർ 15-ാം തിയ്യതി സംഘടിപ്പിച്ച റമദാൻ സംഗമത്തിൽ മുഖ്യപ്രഭാഷണം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. ഖുർആനിൽ ഏറ്റവും കൂടുതൽ ഉപയോഗിച്ചിട്ടുള്ളത് 'ഖുൽ' എന്ന പദമാണെന്ന് അദ്ദേഹം പറഞ്ഞു. പറയുക,ചിന്തിക്കുക എന്നൊക്കെയാണ് ഇതിന്നർത്ഥം. ചിന്തിക്കുമ്പോൾ സത്യം, നന്മ, സൗന്ദര്യം എന്നിങ്ങനെയുള്ള ജീവിതത്തിന്റെ നല്ലവശങ്ങൾ ഉൾക്കൊള്ളേണ്ടതുണ്ട്. ഇതാണ് റമദാൻ നല്കുന്ന സന്ദേശം. അദ്ദേഹം തുടർന്ന് പറഞ്ഞു. പരിപാടിയിൽ അധ്യക്ഷത വഹിച്ച അഡ്വ. കൗസർ എടപ്പകത്ത് ഖാദിമിന്റെ ന്യായബോധത്തെപ്പറ്റി സംസാരിച്ചു. വ്യക്തവും യുക്തിപരവുമായ രീതികളിലൂടെയാണ് ജീവിതം കെട്ടിപ്പടുക്കേണ്ടതെന്ന് കൗസർ സാഹിബ് പ്രസ്താവിച്ചു. ചടങ്ങിൽ അഫ്സൽ ഗഫൂർ തിലാവത്ത് നടത്തി. നിനാസ് അഹ്മദ് നസം ആലപിച്ചു. സുബിൻ അഷ്റഫ് സ്വാഗതം പറഞ്ഞു.

## ഖുത്വ്ബ വിതരണം നടത്തി

**കമ്പളക്കാട്:** ഇസ്‌ലാമിനേയും നബിതിരുമേനിയേയും അവഹേളിച്ചുകൊണ്ട് പോപ്പ് നടത്തിയ പ്രസ്താവനയെ ഖണ്ഡിച്ചുകൊണ്ട് ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹു) നടത്തിയ ജുമുഅ ഖുത്വ്ബയുടെ കോപ്പികൾ അനഹ്മദികളിൽ വിതരണം ചെയ്തു. ക്രിസ്തീയർ ഉൾപ്പെടെയുള്ള 30 ഓളം പേർക്ക് ഇത് വിതരണം ചെയ്തു. ഖാദിം, അൻസാർ സഹോദരങ്ങൾ സംയുക്തമായാണ് ഈ തബ്‌ലീഗ് പരിപാടി സംഘടിപ്പിച്ചത്.

## ഇജ്തിമാ ദുആയും സമൂഹ നോമ്പുതുറയും

**കണ്ണൂർസിറ്റി, ഒക്ടോബർ 23:** കണ്ണൂർസിറ്റി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ റംസാൻ 29-ന് തിങ്കളാഴ്ച ഇജ്തിമാ ദുആയും സമൂഹ നോമ്പുതുറയും സംഘടിപ്പിച്ചു. ഇതോടനുബന്ധിച്ച് ഒരു തർബിയ്യത്ത് ക്ലാസ്സും നടത്തുകയുണ്ടായി. അസർ നമസ്കാരത്തിനു ശേഷം ചേർന്ന തർബിയ്യത്ത് യോഗത്തിൽ പ്രൊഫ. എം. മുഹമ്മദ് സാഹിബ് സംസാരിച്ചു. പ്രസിഡന്റ് കെ. മുഹമ്മദ് സാലിഹ് സാഹിബ് അധ്യക്ഷനായിരുന്നു. പി. ശഫി അഹ്മദ് സാഹിബ് ഖുർആൻ പാരായണം നടത്തി. തുടർന്ന് 5 മണി മുതൽ ഹുസൂറിന്റെ ഖുർആൻ ക്ലാസ് ശ്രവിക്കുകയും ഹുസൂറിനോടൊപ്പം ഇജ്തിമ ദുആയിൽ പങ്കെടുക്കുകയും ചെയ്തു. സമൂഹനോമ്പ് തുറക്കുള്ള ഭക്ഷണം തയ്യാറാക്കിയത് ഖാദിംകൾ തന്നെയാണ്. ജമാഅത്തിലെ മുഴുവൻ അംഗങ്ങളും ഈ പരിപാടിയിൽ പങ്കെടുക്കുകയുണ്ടായി.

# ഖിദ്മത്തെ ഹൽഖ്

**കണ്ണൂർ:** കണ്ണൂർ ടൗൺ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ റമദാനിൽ സാർത്ഥകമായ സൃഷ്ടിസേവന പ്രവർത്തനങ്ങൾ നടത്തി. കണ്ണൂർ നഗരത്തിലെ സ്നേഹാലയം അഗതി മന്ദിരം ഖാദിംകൾ സന്ദർശിക്കുകയും അരി, ലഘുഭക്ഷണം എന്നിവ വിതരണം ചെയ്യുകയും ചെയ്തു. കണ്ണൂർ ജില്ലാ ആശുപത്രിയിൽ നിരാലംബരായ ഒട്ടേറെ പേർ കഴിയുന്ന സ്ഥലമാണ് എം.എം.ഐ വാർഡ്. സമൂഹത്തിന്റെ മുഖ്യധാരയിൽനിന്ന് തിരസ്കരിക്കപ്പെട്ട ഒട്ടേറെ പേർ ജീവച്ഛവങ്ങളായി ഇവിടെകഴിയുന്നു.ഈ വാർഡിലേയും ടി.ബി. വാർഡിലേയും രോഗികളെ സന്ദർശിച്ച ഖാദിംകൾ എല്ലാ ബുധനാഴ്ചകളിലും ഒരുനേരത്തെ ഭക്ഷണം അഗതികൾക്കായി നല്കുന്ന പരിപാടിക്ക് തുടക്കം കുറിച്ചു. നീണ്ടുനില്ക്കുന്ന വിപുലമായ പരിപാടി ആയതിനാൽ അൻസാർ സഹോദരങ്ങളുടെ കൂടെ സഹകരണത്തോടെയാണ് ഈ പദ്ധതി മുന്നോട്ടു പോകുന്നത്. ഇതിന് പുറമെ അർഹരായ ഏതാനും പേർക്ക് സാമ്പത്തികസഹായം സംഘടിപ്പിച്ചു നല്കാനുള്ള മാധ്യമമാകാനും ഖുദ്ദാമുൽ അഹ്മദിയ്യായ്ക്ക് കഴിഞ്ഞു. ജില്ലാ ആശുപത്രിയിലെ ശയ്യാവലംബിയും വ്രണങ്ങളാൽ ദുസ്സഹമായ വേദനയനുഭവിക്കുന്നതുമായ ഒരാൾക്ക് ഒരു വിദ്യാഭ്യാസ സ്ഥാപനത്തെക്കൊണ്ട് വിലപിടിച്ച വാട്ടർബെഡ് സ്പോൺസർ ചെയ്ത് നൽകിക്കാൻ കണ്ണൂർ ടൗൺ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാക്ക് സാധിച്ചിരുന്നു. സേവനത്തിന്റെ മാർഗ്ഗത്തിലുള്ള ഈ യാത്രക്ക് സർവ്വശക്തൻ തുണയേകുമാറാകട്ടെ. ഈ സൃഷ്ടിസേവന പ്രവർത്തനങ്ങൾക്ക് ഖാഇദ്, നായിബ് ഖാഇദ്, ഡോ. ആശിഫ്, ശിബിൻ അസ്‌ലം, ഗുലാം, സുബിൻ, ഫഹിം മസൂദ് തുടങ്ങിയവർ നേതൃത്വം നൽകി.

## നിർഭയനായി സഹോദര മുസ്‌ലീംകളുടെ തെറ്റുകൾ തിരുത്തുക: ജോൺ കുഫൗർ


**ഘാന, ഒക്ടോബർ 24:** ഓരോ മുസ്‌ലീമും തന്റെ മുസ്‌ലീം സഹോദരന്റെ തെറ്റായ പ്രവർത്തനങ്ങൾ തിരുത്തുന്നതിൽ നിർഭയമായിരിക്കണമെന്നും ഇത് പരസ്പര സ്നേഹവും സമാധാനവും കൊണ്ടുവരുന്നതോടൊപ്പം സാമൂഹ്യ സാംസ്കാരിക വികസനത്തിന് സഹായകരമാകുമെന്നും ഘാന പ്രസിഡണ്ട് ജോൺ കുഫൗർ പറഞ്ഞു. നോമ്പ് പെരുന്നാളിന് കുമാസിയിലെ സെൻട്രൽ മോസ്കിൽ ഒത്തുചേർന്ന ആയിരക്കണക്കിന് മുസ്‌ലീംകളെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. അയൽ രാജ്യങ്ങളിൽ വംശീയ പ്രശ്നങ്ങളാലും മതപരമായ അഭിപ്രായ വ്യത്യാസങ്ങളാലും അന്തരീക്ഷം വഷളായിക്കൊണ്ടിരിക്കുകയാണെന്നും അത് ഘാനയിൽ സംഭവിക്കാതെയിരിക്കട്ടെയെന്നാണ് തന്റെ പ്രാർത്ഥനയെന്നും അദ്ദേഹം തുടർന്ന് പറഞ്ഞു. സർക്കാരിന്റെ വക മുസ്‌ലിം സമുദായത്തിനുള്ള സാമ്പത്തിക സഹായത്തിന്റെ ചെക്ക് പ്രസിഡണ്ട് നൽകി.

## നബികീർത്തന സമ്മേളനങ്ങൾ

കോഴിക്കോട് മേഖലാ മജ്‌ലിസ് അൻസാറുല്ലായുടെ ആഭിമുഖ്യത്തിൽ നബികീർത്തന സമ്മേളനങ്ങൾ നടത്തുന്നു. നവംബർ 10, 18, 25 തിയ്യതികളിൽ കോഴിക്കോട് ടൗൺഹാളിൽ വൈകുന്നേരം 4.30 മുതൽ സമ്മേളനം ആരംഭിക്കും. ഡോ. എം.ജി.എസ്. നാരായണൻ, ഡോ.കെ.കെ.എൻ. കുറുപ്പ്, പ്രൊഫ. പ്രിയദർശൻലാൽ, ശ്രീ. ഈയച്ചേരി കുഞ്ഞികൃഷ്ണൻ, പ്രൊഫ. മഹമൂദ് അഹ്മദ്, എ.എം. മുഹമ്മദ് സലീം, കെ.പി.എ. റഹീം, അപ്പുക്കുട്ടൻമാഷ്, എം.എൻ. കാരശ്ശേരി, മൗലവിമാരായ മുഹമ്മദ് ഉമർ സാഹിബ്, മുഹമ്മദ് ഇസ്മായീൽ സാഹിബ്, ഗുലാം അഹ്മദ് ഇസ്മായീൽ സാഹിബ് എന്നിവരും ഡോ. സലാഹുദ്ദീൻ, നജീബ് എഞ്ചിനീയർ സഫ്‌വാൻ കാക്കനാട്, മദാർ അബ്ദുശ്ശക്കൂർ എന്നിവരും സംബന്ധിക്കുന്നു. എല്ലാവർക്കും സ്വാഗതം

*സഈം മജ്‌ലിസ് അൻസാറുല്ലാ*
*കോഴിക്കോട് മേഖല*

## മാസപ്പിറവി നിർണ്ണയ ബോധവൽക്കരണക്ലാസ്സ് നടത്തി



**മാത്തോട്ടം, ഒക്ടോബർ 22:** മാസപ്പിറവി നിർണ്ണയകാര്യത്തിൽ കേരളത്തിലെ മുസ്‌ലിംകൾക്കിടയിൽ നിലനിൽക്കുന്ന ആശയക്കുഴപ്പങ്ങളും ഈ കാര്യത്തിൽ മുസ്‌ലിം ഉലമാക്കൾ സ്വീകരിച്ചുപോരുന്ന തെറ്റായ നിലപാടുകളുടെയും പശ്ചാത്തലത്തിൽ ഇതുസംബന്ധമായ ബോധവൽക്കരണ ക്ലാസ് നടത്തി. മാത്തോട്ടം മിഷൻഹൗസിൽ ഖാഇദ് ശൗക്കത്ത് അലി സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സത്യദൂതൻ എഡിറ്റർ എ. എം. മുഹമ്മദ് സലീം സാഹിബ് ക്ലാസ്സെടുത്തു. ചന്ദ്രപ്പിറവിയുമായി ബന്ധപ്പെട്ട ശാസ്ത്രീയ സത്യങ്ങളും ഇസ്‌ലാമിക കാഴ്ചപ്പാടുകളും അദ്ദേഹം വിശദീകരിച്ചു.

## പ്രകാശനം ചെയ്തു

കണ്ണൂർ ടൗൺ മജ്‌ലിസ് അത്ഫാലുൽ അഹ്മദിയ്യാ തയ്യാറാക്കിയ 'തമന്ന' കൈയ്യെഴുത്ത് മാസിക പ്രകാശനം ചെയ്തു. എഡിറ്റർമാരായ തഫ്സീർ, റോഷൻ എന്നിവരിൽനിന്ന് കണ്ണൂർ ടൗൺ ജമാഅത്ത് പ്രസിഡന്റ് ബി. അബ്ദുസ്സലാം സാഹിബ് ഏറ്റുവാങ്ങിക്കൊണ്ടാണ് കൈയ്യെഴുത്ത് മാസികയുടെ പ്രകാശനം നിർവ്വഹിച്ചത്. അഹ്മദിയ്യത്തിന്റെ ഭാവി പ്രതിഭാസമ്പന്നരായ അത്ഫാലുകളുടെ കയ്യിൽ സുഭദ്രമാണെന്ന് പ്രസിഡന്റ് സാഹിബ് പ്രസ്താവിച്ചു. ഇത്തരം സംരംഭങ്ങളുടെ തുടർച്ച നമ്മുടെ ദൈവസ്നേഹത്തെ ജ്വലിപ്പിക്കുമെന്ന് അദ്ദേഹം തുടർന്ന് പറഞ്ഞു.

## റംസാൻ പ്രഭാഷണങ്ങൾ

**കടലായി, ഒക്ടോബർ 22:** കടലായി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ റംസാനിലെ ഞായറാഴ്ചകളിൽ തർബിയ്യത്ത് ക്ലാസ്സുകൾ സംഘടിപ്പിച്ചു. സപ്തംബർ 24, ഒക്ടോബർ 1, 8, 15, 22 എന്നീ ഞായറാഴ്ചകളിൽ നടന്ന തർബിയ്യത്ത് യോഗങ്ങളിൽ വിവിധ വിഷയങ്ങളെ സംബന്ധിച്ചുള്ള ക്ലാസ്സുകൾ നൽകപ്പെട്ടു. സ്ത്രീകളും കുട്ടികളുമടക്കം ജമാഅത്തിലെ മുഴുവൻ അംഗങ്ങളും ഇതിൽ പങ്കെടുക്കുകയുണ്ടായി. മൗലവി അബ്ദുസ്സലാം സാഹിബ്, മൗലവി ശഫീഖ് അഹ്മദ് സാഹിബ്, മൗലവി ശരീഫ് അഹ്മദ് സാഹിബ്, മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ് എന്നിവർ വിവിധ ദിവസങ്ങളിൽ സംബന്ധിച്ചു.

# അഫ്ഗാൻ വനിതകൾ സിനിമ നിർമ്മിക്കുന്നു

ന്യൂസ് ഡെസ്ക്

'റിമംബറിങ്ങ് ചധോരി' ഇതൊരു സിനിമയുടെ പേരാണ്. ഈ സിനിമയ്ക്ക് ഒരുപാട് പ്രത്യേകതകളുണ്ട്. ഒന്നാമതായി അഞ്ച് അഫ്ഗാൻ വനിതകൾ ചേർന്നെടുക്കുന്ന ഒരു ഫീച്ചർ ചിത്രമാണിത്. മറ്റൊന്ന് ചധോരി അഥവാ ബുർഖ അഫ്ഗാനി സ്ത്രീകളെ എങ്ങനെയാണ് ചിന്തിപ്പിക്കുന്നതെന്നും അവരുടെ ഓർമ്മകൾ സഞ്ചരിക്കുന്നതെങ്ങനെയെന്നും ഈ ചിത്രം കാണിച്ചുതരുന്നു. പർദ്ദയെക്കുറിച്ചുള്ള അഫ്ഗാൻ സ്ത്രീകളുടെ വീക്ഷണമാണ് ഈ സിനിമയുടെ പ്രതിപാദ്യം. എന്നാൽ ഇതിലൂടെ താലിബാൻ കാലത്തിന് മുൻപും, താലിബാൻ കാലത്തും അതിനു ശേഷവും തങ്ങളുടെ ദൈനംദിന ജീവിതത്തിൽ വന്നിട്ടുള്ള മാറ്റങ്ങളെ ക്യാമറാകണ്ണിലൂടെ ഒപ്പിയെടുക്കുകയാണ് സംവിധായികമാർ. എന്നും പോരാട്ടങ്ങളുടെനിതൃത നിറഞ്ഞുനില്ക്കുന്ന കാബൂളിന്റെ ജീവിക്കുന്ന പ്രതിനിധികൾ ഒരുപക്ഷേ സ്ത്രീകൾ തന്നെയാണെന്ന് സ്ഥാപിക്കാനാണ് സ്ത്രീ സംവിധായികമാർ ശ്രമിക്കുന്നത്.

ഈ ഡോക്യുമെന്ററിയിൽ പ്രത്യക്ഷപ്പെടുന്ന പലരും ബുർഖയുടെ സാന്നിധ്യത്തെ ആത്മകഥാപരമായി വീക്ഷിക്കുന്നുണ്ട്. ചിലർ പർദ്ദയെ അഫ്ഗാൻ സമൂഹത്തിൽ പ്രതിരോധത്തിന്റെ പ്രതീകമായി കാണുന്നു. ഈ വസ്ത്രം സുരക്ഷിതത്വം നൽകുന്നുവെന്ന് ചിലർ. താലിബാൻ ഭരണത്തിലുള്ള സമയത്ത് പർദ്ദ നിർബന്ധിതമാക്കപ്പെട്ടപ്പോൾ ചിലർ പർദ്ദ വീടിന് പുറത്ത്തന്നെ തൂക്കിയിടുമായിരുന്നുവത്രെ. എപ്പോഴാണ് പുറത്ത് പോകേണ്ടി വരുന്നതെന്നറിയില്ലല്ലോ. പർദ്ദാവിരോധികളായ ചില അഫ്ഗാൻ സ്ത്രീകളാവട്ടെ താലിബാൻ ഭരണകാലത്ത് പുറത്തിറങ്ങാൻ തീരെ താല്പര്യം കാണിച്ചുമില്ല.


ഇനിയും ചിലർ പർദ്ദയുടെ നിറത്തെപ്പറ്റിയാണ് സംസാരിക്കുന്നത്. ഇതിന്റെ വിലയും ചിലർക്ക് വിഷയമായി. അഫ്ഗാനിലെ സ്വദേശി ബുർഖയെക്കാളും വിലകൂടിയതത്രെ ഇറാനിൽ നിന്നും ഗൾഫ് രാജ്യങ്ങളിൽനിന്നും വരുന്ന പർദ്ദകൾ. വിലകൂടുതലുള്ളതുകൊണ്ട് ഇവ വാങ്ങാൻ സാധിക്കുന്നില്ല എന്ന് പരിതപിക്കുന്നവരേയും ഈ ചിത്രം കാണിച്ചുതരുന്നു. പർദ്ദയണിയുമ്പോഴാണ് പുരുഷന്മാർ കൂടുതലായി നോക്കുന്നതെന്ന് പരാതിപ്പെട്ടവരും ഈ കാഴ്ചയിലുൾപ്പെടുന്നു. താലിബാൻ കാലത്ത് നിർബന്ധമായും വാങ്ങേണ്ടിവന്ന പർദ്ദ ഇപ്പോൾ ഉപയോഗിക്കാത്ത വരാണ് കാബൂളിലേറെയുള്ളത്. "അന്നത് നിർബ്ബന്ധമായിരുന്നു. ഇപ്പോഴത്രമാത്രം ഭയക്കേണ്ടതില്ല" എന്നാണ് സ്ത്രീകൾ അഭിപ്രായപ്പെട്ടത്. എങ്കിലും പർദ്ദകൾ ചിലർ ഇപ്പോഴും ഭദ്രമായി സൂക്ഷിച്ചുവെച്ചിട്ടുണ്ട്. കാരണം എപ്പോഴാണ് താലിബാൻ തിരിച്ചുവരുന്നത് എന്നാർക്കുമറിയില്ലല്ലോ?

എന്തായാലും അഫ്ഗാൻ സമൂഹത്തിൽ നിറയുന്ന അശാന്തി ഈ ചിത്രത്തിലൂടെ പുറത്തുവരുന്നു. കൂടാതെ പർദ്ദ എന്ന പ്രതീകം അഫ്ഗാനിലെ സാമൂഹിക-സാമ്പത്തിക മാനദണ്ഡങ്ങളെ എങ്ങനെ ദൃശ്യവല്ക്കരിക്കുന്നുവെന്നതും ഈ ചിത്രത്തിന്റെ സന്ദേശമായി പുറത്തുവരുന്നു. കൂടാതെ കാബൂളിലെ സ്ത്രീപക്ഷം ഇപ്പോഴും താലിബാനെ ഭയക്കുകയോ, എപ്പോഴും അവർ തിരികെ വരുമെന്ന് പ്രതീക്ഷിക്കുകയോ ചെയ്യുന്നുണ്ട്.

*(അവലംബം: ദ ഹിന്ദു)*

# ഇൻസ്പെക്ടർ; ഒരു ദിവസത്തേക്ക്

ന്യൂസ് ഡെസ്ക്




**ഹൈദരബാദ്:** എട്ട് വയസ്സുകാരനും പോലീസാകാം! വെറും കോൺസ്റ്റബിൾ അല്ല ഇൻസ്പെക്ടർ തന്നെ!! ഹൈദരബാദിലെ ജൂബിലി ഹിൽസ് പോലീസ് സ്റ്റേഷനിലാണ് മഹക് കോത്താരി എന്ന എട്ടുവയസ്സുകാരൻ പോലീസ് ഇൻസ്പെക്ടറായത്. ഈ കുട്ടിയുടെ വലിയ ആഗ്രഹമാണത്രെ വലുതായാൽ പോലീസാകണമെന്നത്. എന്നാൽ ഗുരുതരമായ രോഗബാധയാൽ ജൂബിലി ഹിൽസിലെ അപ്പോളോ ഹോസ്പിറ്റലിൽ ചികിത്സയിലാണ് മഹക്. മഹകിൽ നിന്നും ഇത്തരമൊരാഗ്രഹം അറിഞ്ഞ മേക്ക്-എ-വിഷ് ഫൗണ്ടേഷൻ എന്ന സന്നദ്ധ സംഘടനയുടെ ഡയരക്ടർ സി. മധുമതിയാണ് മഹകിന്റെ ആഗ്രഹപൂർത്തീകരണത്തിനുള്ള വേദിയൊരുക്കിയത്.

തങ്ങളുടെ പൊതുജന സമ്പർക്ക പരിപാടിയുടെ ഭാഗമായി മഹക് കോത്താരിയുടെ ആഗ്രഹത്തെ കണ്ട ജൂബിലിഹിൽസ് പോലീസ് ഈ ആശയത്തിന് സർവ്വപിന്തുണയും നൽകി. സ്റ്റേഷൻ ഇൻസ്പെക്ടർ എം. ശ്രീനിവാസറാവു എട്ടുവയസ്സുകാരനെ തന്റെ സീറ്റിൽ ആനയിച്ചിരുത്തുകയും ബൊക്കെ കൊടുത്ത് സ്വീകരിക്കുകയും ചെയ്തു. കൂടാതെ തൽക്കാലത്തേക്ക് റഷീദ് എന്ന ഒരു കോൺസ്റ്റബിൾ ഒരു കള്ളനായി അഭിനയിക്കുകയും ചെയ്തു. 'കള്ളനെ' കൊണ്ടുവന്നപ്പോൾ ഇൻസ്പെക്ടർ അവനെ ചോദ്യം ചെയ്യാൻ തുടങ്ങി. മോഷ്ടാവിന്റെ ഉത്തരങ്ങൾ ശരിയല്ലാത്തതിനാൽ ലോക്കപ്പിലടക്കാൻ ഉത്തരവിടുകയും ചെയ്തു 'കുട്ടി ഇൻസ്പെക്ടർ'. ഗുണ്ടകളെ അമർച്ച ചെയ്യുമെന്നും ജനങ്ങളെ സംരക്ഷിക്കുമെന്നും മഹക് പ്രഖ്യാപിച്ചു. എന്തായാലും ഒരു മണിക്കൂർ നേരത്തേക്കുള്ള എട്ടുവയസ്സുകാരന്റെ പ്രകടനം ഗംഭീരമായിരുന്നു.

*(1-ാം പേജിൽനിന്ന്)*

ത്തിൽ കാണുകയും വേണം. നമ്മുടെ ഭാര്യാമക്കളിലും നമ്മുടെ ചുറ്റുപാടും അത് കാണുമാറാകണം.

ജുമുആയുടെ പ്രാധാന്യം വിശുദ്ധഖുർആനിൽനിന്നും ഹദീസുകളിൽനിന്നും നമുക്ക് ലഭിക്കുന്നുണ്ട്. ആദ്യമായി അല്ലാഹു ഖുർആനിൽ ഇത് സംബന്ധമായി പറഞ്ഞ കല്പനകൾ ഞാൻ നിങ്ങളുടെ മുമ്പിൽ വെക്കുകയാണ്. അല്ലാഹു പറയുന്നു: "അല്ലയോ വിശ്വസിച്ചവരേ, വെള്ളിയാഴ്ച ദിവസത്തിന്റെ ഒരുഭാഗത്ത് നമസ്കാരത്തിനായി വിളിക്കപ്പെട്ടാൽ അല്ലാഹുവിനെ നമസ്കരിക്കുന്നതിലേക്ക് നിങ്ങൾ ധിറുതിപ്പെട്ട് പോകുകയും വ്യാപാരം നിർത്തിവെക്കുകയും ചെയ്യുക. ഇത് നിങ്ങൾ മനസ്സിലാക്കുന്നുവെങ്കിൽ നിങ്ങൾക്ക് ഗുണകരമാണ്. അടുത്തവചനത്തിൽ പറഞ്ഞു: "പിന്നെ നമസ്കാരം നിർവ്വഹിച്ചുകഴിഞ്ഞാൽ നിങ്ങൾ ഭൂമിയിൽ പരക്കുകയും അല്ലാഹുവിന്റെ അനുഗ്രഹത്തിൽനിന്ന് കുറച്ചന്വേഷിച്ചു കൊള്ളുകയും ചെയ്യുക. നിങ്ങൾ വിജയംപ്രാപിക്കുന്നതിനായി അല്ലാഹുവിനെ അധികമായി സ്മരിക്കുക. വീണ്ടും പറയുന്നു. "ഏതെങ്കിലും ഒരു കച്ചവടമോ വിനോദമോ കണ്ടാൽ അവർ അതിലേക്ക് ചിതറിപ്പിരിഞ്ഞുപോവുകയും നിന്നെ തനിച്ച് ഉപേക്ഷിക്കുകയും ചെയ്യുന്നു. നീ പറയുക. അല്ലാഹുവിന്റെ പക്കലുള്ളത് വിനോദത്തേക്കാളും കച്ചവടത്തേക്കാളും ഉത്തമമാണ്. അല്ലാഹു ഉപജീവനം നൽകുന്നവരിൽവെച്ചേറ്റവും ഉത്തമനാകുന്നു."*(62:10-12)*

എത്ര വ്യക്തമായ കല്പനയാണിതെന്ന് നോക്കുക. ഏത് ജുമുആയിലേക്കാണ് വിളിക്കുന്നതെന്ന കാര്യത്തിൽ സംശയത്തിന് ഒരിടവുമില്ല. ജുമുഅ ദിവസം ജുമുഅ നമസ്കാരത്തിനായി വിളിക്കപ്പെട്ടാൽ ഈ പ്രിയങ്കരമായ ദൈവസ്മരണയിലേക്ക് ധിറുതിയിൽ പോവുക. ജോലി കുറച്ചുംകൂടി ബാക്കിയുണ്ട്, അതുംകൂടി തീർത്തിട്ട് പോകാമെന്ന് ചിന്തിക്കരുത്. അധികവും ഇവിടെ കണ്ടുവരുന്നത് ഖുത്ബ ആരംഭിക്കുന്നതിന്റെ നേരത്ത് പള്ളിയുടെ പകുതിപോലും ആളുകളുണ്ടാവുകയില്ല എന്നതാണ്. പിന്നീട് മെല്ലെ, മെല്ലെ ആളുകൾ വരാൻ തുടങ്ങുന്നു. സ്ഥലം നിറഞ്ഞുനിറഞ്ഞു വരുന്നു. ഇവിടെ മാത്രമല്ല, മറ്റുലോകത്തും ഇതുതന്നെയാണ് അവസ്ഥ. എന്നല്ല, ചിലർ രണ്ടാമത്തെ ഖുത്ബ തുടങ്ങുന്ന നേരത്താണ് കയറിവരുന്നത്. ചിലർ ജോലിത്തിരക്കുകൊണ്ട് നിർബന്ധിതരാണ്. ചിലർക്ക് യാത്രയുടെ പ്രശ്നമുണ്ടാകാറുണ്ട്. എന്നാൽ, ചില ശീലക്കാരുമുണ്ട്. എത്രമാത്രം താമസിക്കാമോ അത്രമാത്രം താമസിച്ചു പോകാം എന്നാണവർ കരുതുന്നത്. നമസ്കാരത്തിൽ പങ്കെടുത്ത് ക്ഷണത്തിൽ മടങ്ങിവരണം എന്നതാണവരുടെ ലക്ഷ്യം. അല്ലെങ്കിൽ ഖുത്ബയുടെ അല്പഭാഗം കേട്ടേക്കാം. ഇതുമതിയായതാണെന്നവർ കരുതുന്നു. വാസ്തവത്തിൽ ഹദീസിൽ വന്നിരിക്കുന്നു.

ഹസ്രത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബികരീം(സ) പറഞ്ഞു: "ജുമുഅ ദിവസം പള്ളിയുടെ വാതിൽക്കൽ മലക്കുകൾ നില്ക്കുന്നു. ആദ്യം വരുന്നവരുടെ പേരുകൾ അവർ ആദ്യം എഴുതുന്നു. ആദ്യം വരുന്നവരുടെ ഉദാഹരണം ഒട്ടകത്തെ ബലി അറുത്ത ആളുടേതാണ്. പിന്നീട് വരുന്നയാൾ പശുവിനെ ബലി ചെയ്തയാൾക്ക് തുല്യനാണ്. പിന്നീട് വരുന്നയാൾ കൊമ്പുള്ള ഒരു മുട്ടനാടിനെ അറുത്തവനെപോലെയാണ്. പിന്നീട് വരുന്നയാൾ കോഴിയെ അറുത്ത് ദാനം ചെയ്തവനെപ്പോലെയാണ്. പിന്നീട് വരുന്നയാൾ കോഴിമുട്ട ദാനം ചെയ്തയാൾക്ക് തുല്യനാണ്. പിന്നീട് ഇമാം മിമ്പറിൽ സന്നിഹിതനായാൽ അവർ തങ്ങളുടെ രജിസ്റ്റർ അടച്ചുവെക്കുകയും ഉപദേശം കേൾക്കാൻ തുടങ്ങുകയും ചെയ്യുന്നു."

നോക്കുക, ജുമുആയിൽ പങ്കെടുക്കാൻ ധിറുതി പെട്ട് വരേണ്ടതിന്റെ പ്രാധാന്യം ഈ ഹദീസിൽനിന്ന് വ്യക്തമാണ്. ഞാൻ മുമ്പേയും പറഞ്ഞിട്ടുണ്ട്. ചിലയാളുകൾക്ക് ചില നിർബന്ധിത അവസ്ഥയുണ്ടാകാറുണ്ട്. പക്ഷേ, ജുമുആയ്ക്ക് കൃത്യസമയത്ത് പോകണമെന്ന് വിചാരമില്ലാത്ത നല്ലൊരുവിഭാഗം ആളുകളുണ്ട്.

അതുകൊണ്ട് ജുമുഅ നമസ്കാരത്തിന് പെട്ടെന്ന് വരിക എന്ന അല്ലാഹുവിന്റെ കല്പന ഓർമ്മിക്കുക. തങ്ങളുടെ കച്ചവടവും ജോലിയുമെല്ലാം ആ സമയത്ത് നിർത്തിവെക്കുക. ഉപജീവനം നൽകുന്നവൻ അല്ലാഹുവാണെന്ന കാര്യം എപ്പോഴും ഓർമ്മവയ്ക്കുക. അവന്റെ കല്പനകളനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് പ്രത്യക്ഷത്തിൽ നഷ്ടം സഹിച്ചുകൊണ്ടാണെങ്കിലും ജുമുആ നമസ്കാരത്തിനായി വന്നാൽ നിങ്ങൾ ഏതൊരു നഷ്ടത്തെയാണോ ഭയപ്പെടുന്നത് അതുണ്ടാവുകയില്ല. അഥവാ എന്തെങ്കിലും കുറവ് വന്നാൽത്തന്നെ അക്കാരണത്താൽ അല്ലാഹു നിങ്ങളുടെ ചിന്തയ്ക്കതീതമായി മറ്റു മാർഗ്ഗങ്ങൾകൊണ്ട് നിങ്ങളെ അനുഗ്രഹിക്കുന്നതാണ്.

ജുമുആയിൽ നിങ്ങൾ കാണിക്കുന്ന മടിയും സൂക്ഷ്മതയില്ലായ്മയും നിങ്ങളുടെ അറിവില്ലായ്മയാണ്. ജുമുആയിൽ എത്രമാത്രം അനുഗ്രഹമുണ്ടെന്നും അല്ലാഹു എങ്ങനെയൊക്കെയാണ് കടാക്ഷിക്കുന്നതെന്നും നിങ്ങൾക്കറിവുണ്ടായിരുന്നെങ്കിൽ ഈ മടിയും അലസതയും

*(ശേഷം 5-ാം പേജിൽ)*

# മദ്രസയിൽ ബോംബാക്രമണം: 80 തീവ്രവാദികളെ വധിച്ചെന്ന് പാക് സൈന്യം

**ഇസ്ലാമാബാദ്:** പാക്കിസ്ഥാന്റെ വടക്കുപടിഞ്ഞാറൻ ഗോത്രവർഗ്ഗ മേഖലയിലെ ഒരു മദ്രസയ്ക്ക് നേരെ നടത്തിയ പാക് വ്യോമാക്രമണത്തിൽ 80 തീവ്രവാദികളെ വധിച്ചതായി പാക് സൈന്യം അവകാശപ്പെട്ടു. മദ്രസ ഒളിത്താവളമാക്കിയ തീവ്രവാദികളാണ് മരിച്ചതെന്ന് സൈനിക വക്താവ് വെളിപ്പെടുത്തി. താലിബാൻ അനുകൂല കമാൻഡർ മൗലാന ആയത്തുള്ള നടത്തിയിരുന്ന മദ്രസയാണ് ആക്രമണ വിധേയമായത്. ഇയാളും അക്രമത്തിൽ മരിച്ചതായി റിപ്പോർട്ട് ചെയ്യപ്പെടുന്നു. പാക്കിസ്ഥാനിലെയും മറ്റ് ചില വിദേശ രാജ്യങ്ങളിലെയും യുവാക്കളാണ് മദ്രസ ഒളിത്താവളമാക്കിയതെന്ന് സൈന്യം അറിയിച്ചു. എന്നാൽ മരിച്ചവരിൽ ഒട്ടേറെ ബാലൻമാർ ഉൾപ്പെടുന്നതായി പ്രദേശവാസികൾ പറഞ്ഞു.

പാക്കിസ്ഥാനിലെ മദ്രസകൾ ഭീകര പരിശീലന കേന്ദ്രങ്ങളാണെന്നും ഇവിടങ്ങളിൽ നിന്ന് പരിശീലനം ലഭിച്ചവരാണ് പല രാജ്യങ്ങളിലും തീവ്രവാദ വിധ്വംസക പ്രവർത്തനങ്ങൾ നടത്തുന്നതെന്നും നേരത്തേ തന്നെ ആരോപണമുണ്ട്. സൈന്യവും ഗോത്രവർഗ്ഗ മേഖലയിലെ താലിബാൻ അനുകൂല വിഭാഗവും ഏറ്റുമുട്ടുന്നത് പാക്കിസ്ഥാനിൽ അടുത്തകാലത്തായി പതിവായിരിക്കുകയാണ്.

## മതസൗഹാർദ്ദസമ്മേളനം

നോർത്ത് ഇലാക്കാ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ കണ്ണൂരിൽ നവംബർ 20-ന് തിങ്കളാഴ്ച മതസൗഹാർദ്ദസമ്മേളനം നടത്തുന്നു.

**സ്ഥലം: കണ്ണൂർ ചേമ്പർഹാൾ**

**മുഖ്യപ്രഭാഷണം: ഡോ.കെ.കെ.എൻ. കുറുപ്പ്**

(മുൻ വൈസ് ചാൻസ്ലർ, കോഴിക്കോട് സർവ്വകലാശാല)

ഫാ. ദേവസ്സി ഈരത്തറ, ടി.രാഘവൻ നായർ (റിട്ട: എസ്.പി.), മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ് തുടങ്ങിയവർ സംബന്ധിക്കുന്നു.

# അൽഹഖ്

AHMADIYYA NEWS BULLETTIN

ഒക്ടോബർ 2006 ശഅബാൻ


## സത്യജമാഅത്തിനെതിരെ ആരും വിജയം കണ്ടിട്ടില്ല

**അ**ടുത്തകാലത്തായി ചില ഏഷ്യൻരാജ്യങ്ങളിൽ അഹ്മദികൾക്കെതിരായി അക്രമങ്ങൾ വർദ്ധിച്ചുവരുന്നതായി വിവിധ മാധ്യമങ്ങളിൽ വാർത്തകൾ വന്നുകൊണ്ടിരിക്കുന്നു. പാക്കിസ്ഥാൻ, ബംഗ്ലാദേശ്, ഇന്തോനേഷ്യ, ശ്രീലങ്ക തുടങ്ങിയ ഏഷ്യൻരാജ്യങ്ങളിലാണ് അക്രമങ്ങൾ നടമാടുന്നത്. ഇന്ത്യയിലെ ചില ഭാഗങ്ങളിലും ഇത്തരം അക്രമങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നു. പാക്കിസ്ഥാനിൽനിന്നും പരിശീലനം നേടുന്ന ഉലമാക്കളാണ് എല്ലാ രാഷ്ട്രങ്ങളിലും അസ്വസ്ഥതകളുടെ വിത്തുകൾ പാകുന്നത്.

സത്യജമാഅത്തിനെതിരെ ആരൊക്കെ നിലകൊണ്ടിട്ടുണ്ടോ അവർക്കൊക്കെ നാശങ്ങൾ സംഭവിച്ചതായാണ് ചരിത്രം. പാക്കിസ്ഥാനിലെ സകല കുഴപ്പങ്ങൾക്കും കാരണമായത് സുൽഫീക്കർ അലി ഭൂട്ടോയാണ്. വിഭജനത്തിനുശേഷം അഹ്മദികളുമായി നല്ല ബന്ധത്തിൽ നിൽക്കുകയും അധികാരത്തിലേറാൻ അഹ്മദികളുടെ സഹായം തേടുകയും ചെയ്ത ഭൂട്ടോ അധികാരം നിലനിറുത്തുന്നതിനായാണ് അഹ്മദികൾക്കെതിരെ തിരിഞ്ഞത്. ഇതിന് ഭൂട്ടോയെ നിർബ്ബന്ധിച്ചത് മൗദൂദിയും അദ്ദേഹത്തിന്റെ പാർട്ടി ജമാഅത്തെ ഇസ്‌ലാമിയുമാണ്. അഹ്മദികളെ അമുസ്‌ലിംകളായി പ്രഖ്യാപിച്ച്, അടിച്ചമർത്തലിന് നേതൃത്വം നൽകിയ ഭൂട്ടോ അവസാനം അവഹേളിതനായി തൂക്കിലേറ്റപ്പെട്ടു. തുടർന്നുവന്ന ജനറൽ സിയാഉൽഹഖും മസീഹിന്റെ ജനതയ്ക്കെതിരെ ഫിർഔൻ ചമഞ്ഞ് വന്നെങ്കിലും അയാൾ ആകാശത്തിൽ 'മുക്കിക്കൊല്ലപ്പെട്ടു.' ഇപ്പോഴും പാക്കിസ്ഥാനിൽ അഹ്മദികളെ പീഡിപ്പിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞവർഷം നോമ്പ്കാലത്ത് സുബഹി നമസ്കരിച്ചുകൊണ്ടിരുന്ന അഹ്മദികളെ തോക്കിനിരയാക്കിയ സംഭവംആരും മറന്നിട്ടില്ല. തുടർന്ന് പാക്കിസ്ഥാനിലുണ്ടായ ഭൂകമ്പവും എല്ലാവരുടേയും മനസ്സിലുണ്ട്.

ബംഗ്ലാദേശിൽ അഹ്മദികളെ അമുസ്‌ലിംകളാക്കണമെന്നാണ് അവിടുത്തെ ഉലമാക്കളുടെ ആവശ്യം. ഇതിനായി അടുത്തകാലത്ത് ബംഗ്ലാ പാർലമെന്റിൽ പ്രമേയം അവതരിപ്പിച്ചെങ്കിലും അത് പരാജയപ്പെടുകയാണുണ്ടായത്. അതിനെ തുടർന്ന് അവിടെ പള്ളി പിടിച്ചെടുക്കാനുള്ള ഒരു വിഫലശ്രമം നടത്തി. ഇപ്പോൾ ബംഗ്ലാദേശ് അരക്ഷിതാവസ്ഥയിലാണ്. ഭരണപക്ഷവും പ്രതിപക്ഷവും തെരുവിൽ ഏറ്റുമുട്ടുന്ന സ്ഥിതിയിലേക്ക് ദൈവം അവരെ എത്തിച്ചിരിക്കുന്നു.

അഹ്മദികളെ ഉപദ്രവിക്കുന്ന മറ്റൊരു രാഷ്ട്രം ഇന്തോനേഷ്യയാണ്. അവിടെ പലയിടത്തും എതിർപ്പ് ശക്തമാണ്. അല്ലാഹുവിന്റെ ശിക്ഷ അവിടെയും വന്നുകൊണ്ടിരിക്കുന്നതായി കാണാവുന്നതാണ്. വെള്ളപ്പൊക്കവും സുനാമിയും ഭൂകമ്പവുമായി അവിടങ്ങളിലെ നിത്യദുരിതം സർക്കാരിനെ അലോസരപ്പെടുത്തിയിട്ടുണ്ട്.

ശ്രീലങ്കയിൽ ഒരു മസ്ജിദ് ഖാദിമിനെ അടുത്തിടെ ശഹീദാക്കുകയുണ്ടായി. അതുപോലെ ഇന്ത്യയിൽ ഗോവയിലെ ഒരു മുബല്ലിഗും ആക്രമികളാൽ ശഹീദാക്കപ്പെടുകയുണ്ടായി.

ഇത്തരം ആക്രമണങ്ങൾക്കൊന്നും മസീഹിന്റെ അനുയായികളെ തകർക്കാനാകില്ല എന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. അക്രിമികളും അവരെ ഇളക്കിവിടുന്നവരും മുൻകാല നബിമാരുടെ ചരിത്രം പഠിക്കുന്നത് നല്ലതാണ്. എത്രയെത്ര സമൂഹങ്ങളെയാണ് ദൈവം നശിപ്പിച്ചുകളഞ്ഞത്. എന്നാൽ പ്രവാചകന്മാരും അവരുടെ അനുയായികളും ജയിക്കുക തന്നെയാണ് ചെയ്തിട്ടുള്ളത്. അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രവും വിഭിന്നമല്ല. എത്രയെത്ര വമ്പന്മാരാണ് ജമാഅത്തിന്റെ ശക്തിപ്രഭാവത്തിൽതട്ടി പൊലിഞ്ഞത്. ഫൈസൽ രാജാവ്, ഈദിഅമീൻ, സുൽഫിക്കർ അലി ഭൂട്ടോ, സിയാഉൽഹഖ് ഇങ്ങനെ പോകുന്നു അവരുടെ നിര. അഫ്ഗാനിൽ സമാധാനം പുലരുന്നേയില്ല. ഈ ചരിത്രം ബംഗ്ലാദേശും ഇന്തോനേഷ്യയും പഠിച്ചാൽ നന്ന്. ശ്രീലങ്കയിലേയും ഇന്ത്യയിലേയും ഉലമാക്കളും ചരിത്രം പഠിക്കേണ്ടതാണ്. അഹ്മദികളോട് ഖലീഫ സ്ഥിരചിത്തത കൈവെടിയാതെ സമാധാനപരമായി മുന്നോട്ട് നീങ്ങാനാണ് ആഹ്വാനം ചെയ്തിട്ടുള്ളതെന്നും നിങ്ങൾ മനസ്സിലാക്കണമെന്ന് ഞങ്ങൾ പറയുന്നു.

# പെരുന്നാൾ- ത്യാഗത്തിന്റേയും ദൈവസ്മരണയുടേയും സുദിനങ്ങൾ

**എസ്. ഉദ്ദീൻ**

ഓരോ ചാന്ദ്രവർഷത്തിലും രണ്ട് പെരുന്നാളുകൾ ആചരിക്കാനാണ് ഇസ്‌ലാം നിർദ്ദേശിച്ചിരിക്കുന്നത്. അതിലൊന്ന് ഒരു മാസക്കാലത്തെ നോമ്പിന് ശേഷം വരുന്ന ഈദുൽഫിതർ എന്ന നോമ്പ് പെരുന്നാളും മറ്റൊന്ന് ഹജ്ജിന്റെ പരിസമാപ്തി കുറിച്ചുകൊണ്ടുള്ള ഈദുൽ അസ്ഹാ എന്ന ഹജ്ജ് പെരുന്നാളുമാണ്. ഈ രണ്ട് ദിനങ്ങളും ഒരു മഹാത്മാവിന്റെ ജനനത്തെയോ മരണത്തേയോ അടിസ്ഥാനമാക്കിയല്ല ആചരിക്കുന്നത്. ഇസ്‌ലാമിൽ ജന്മദിനാഘോഷവും ചരമദിനാചരണവും ഇല്ലതന്നെ. മറ്റു മതങ്ങളിലും ഇത്തരത്തിലുള്ള പെരുന്നാളുകൾ ആഘോഷിച്ചുവരുന്നുണ്ട്. അവ തങ്ങളുടെ മതഗുരുക്കന്മാരുടെ ജനനമരണ ദിവസങ്ങളേയോ അവരുടെ ജീവചരിത്രത്തിലെ മറ്റേതെങ്കിലും പ്രത്യേക സംഭവത്തേയോ അടിസ്ഥാനമാക്കിയുള്ളതാണ്. എന്നാൽ, ഇസ്‌ലാമിൽ രണ്ട് പെരുന്നാളുകളെ രണ്ട് മൗലിക കർമ്മങ്ങളായാണ് കരുതുന്നത്.

ഈദുൽ ഫിത്തർ അഥവാ നോമ്പ്പെരുന്നാൾ ഒരുമാസക്കാലത്തെ ത്യാഗപൂർണ്ണമായ ജീവിതത്തിനു ശേഷം വരുന്ന സുദിനമാണ്. റമസാൻ മാസക്കാലം ഓരോ മുസ്‌ലിമും അവന്റെ ജീവിതക്രമംതന്നെ അല്ലാഹുവിനുവേണ്ടി മാറ്റുകയാണ് ചെയ്യുന്നത്. പകൽ മുഴുവൻ ആഹാരപാനീയങ്ങൾ ഉപേക്ഷിച്ചുകൊണ്ട് അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നതിന്നായി അനുവദനീയമായ എല്ലാ കാര്യങ്ങളും ഉപേക്ഷിക്കുകയും ചെയ്തുകൊണ്ട് ത്യാഗപൂർണ്ണമായ ജീവിതമാണ് മുസ്‌ലിംകൾ കാഴ്ചവെക്കുന്നത്. രാത്രികൾ കൂടുതലായി പ്രാർത്ഥനയിൽ കഴിച്ചുകൂട്ടാൻ ഈ മാസം മുസ്‌ലിംകൾ തയ്യാറാകുന്നു. ഇത്തരത്തിൽ ഒരുമാസക്കാലം മുഴുവൻ പരിശുദ്ധമായ ജീവിതം കാഴ്ചവെച്ചുകൊണ്ട് വിശപ്പിന്റേയും കഷ്ടതകളുടേയും രുചി അനുഭവിച്ചറിഞ്ഞ് പാവപ്പെട്ടവരോട് മനസ്സലിയാനും അവരെ സഹായിക്കാനും പരിചയിച്ചതിനുശേഷം സന്തോഷത്തോടെ പെരുന്നാൾ ആചരിക്കാൻ ഇസ്‌ലാം നിർദ്ദേശിക്കുന്നു. ഇതുപോലെ ദൈവസന്നിധിയിൽ സ്വന്തം ജീവൻ പോലും ബലിയർപ്പിക്കുവാൻ സന്നദ്ധമാകാനുള്ള പാഠം ഉൾക്കൊള്ളുന്ന ത്യാഗമായ ഹജ്ജിനുശേഷം വരുന്ന ഈദുൽ അസ്ഹാ ദിവസം മുസ്‌ലിംകൾ മൃഗങ്ങളെ ബലിയിടുന്നു. ചുരുക്കത്തിൽ ഇസ്‌ലാമിലെ ഈ രണ്ട് സന്തോഷദിനങ്ങളുടെയും പിന്നിൽ ത്യാഗത്തിന്റെയും സഹിഷ്ണുതയുടെയും തത്ത്വമാണ് നിലകൊള്ളുന്നത്.

ഇസ്‌ലാം അനുവദിച്ച ഈ രണ്ട് സന്തോഷാവസരങ്ങളും അതിരുകടന്ന ബാഹ്യപ്രകടനങ്ങളിൽ മാത്രം ഒതുക്കാവുന്നതല്ല. ഇതരമതസ്ഥർ അവരുടെ വിശേഷദിനങ്ങൾ കൊണ്ടാടുന്ന രീതിയിൽ മതിമറന്ന് ആഹ്ലാദിക്കാൻ ഇസ്‌ലാം അനുവാദം നൽകിയിട്ടില്ല. എന്നാൽ, ഇന്നത്തെ ഭൂരിപക്ഷ മുസ്‌ലിം സഹോദരന്മാർ പെരുന്നാളിന്റെ ആത്മാവിനെ ചോർത്തിക്കളഞ്ഞിരിക്കുന്നു. തിന്നും കുടിച്ചും പുതുവസ്ത്രം ധരിച്ചും ഉല്ലസിക്കുവാൻ മാത്രമുള്ള ഒരു ചടങ്ങായി ഇന്ന് പെരുന്നാൾ മാറിക്കഴിഞ്ഞിരിക്കുന്നു. രാവിലെ പെരുന്നാൾ നമസ്കാരത്തിനായി മുസ്‌ലിംകൾ പള്ളികളിലെത്തുന്നുണ്ട്. എന്നാൽ, അതും ഒരു ചടങ്ങ് മാത്രമായി മാറിക്കഴിഞ്ഞിരിക്കുന്നു. പെരുന്നാൾ രാത്രികളിൽ മുസ്‌ലിം യുവാക്കൾ മദ്യഷാപ്പുകൾ സന്ദർശിക്കുന്ന അവസ്ഥയോളം കാര്യങ്ങൾ ചെന്നെത്തിയിരിക്കുകയാണ്. ഇതൊരിക്കലും ഇസ്‌ലാം നിഷ്കർഷിച്ച രീതിയല്ലതന്നെ.

മതപരമായ രണ്ട്

(ശേഷം 8-ാം പേജിൽ)

# മുഷറഫിന്റെ ഭരണത്തിൽ ന്യൂനപക്ഷങ്ങൾ

**തയ്യാറാക്കിയത്: ടി. ഷാജിർ അഹ്മദ്**

ജനറൽ പർവേസ് മുഷറഫ് പാക്കിസ്ഥാനിൽ ഭരണം പിടിച്ചെടുത്തിട്ട് ഏതാണ്ട് 7 വർഷം തികയുന്നു. ഇക്കാലയളവിനുള്ളിൽ ദേശീയ-അന്തർദേശീയ തലങ്ങളിൽ ഒട്ടനവധി തവണ മുഷറഫിന്റെ ഭരണം വിലയിരുത്തപ്പെടുകയുണ്ടായി. അമേരിക്ക ലോകമെമ്പാടും ആഘോഷപൂർവ്വം കൊണ്ടാടുന്ന ഭീകരതയ്ക്കെതിരെയുള്ള ഈ യുദ്ധം മുഷറഫിനേയും അദ്ദേഹത്തിന്റെ ഭരണത്തേയും ശ്രദ്ധാകേന്ദ്രമാക്കുന്നു. മുഷറഫിന്റെ ഭരണം പരസ്പര വിരുദ്ധമായ ചില ശാക്തികചേരുവകളുടെ മിശ്രിതമാണ് ഇപ്പോൾ. ആഭ്യന്തരമായി മുഷറഫ് തീവ്ര വലതുപക്ഷ മുസ്‌ലിം-വിഭാഗങ്ങളുമായി സന്ധി ചെയ്യുമ്പോൾ അന്തർദ്ദേശീയ തലത്തിൽ അമേരിക്കയുമായി കൂടുതൽ സൗഹാർദ്ദം പങ്കുവെക്കുന്നു. പാക്കിസ്ഥാനിലെ അമേരിക്കൻ വിരുദ്ധവികാരം എപ്പോഴും സജീവമാണ്. ഈ സജീവതയുടെ ഗുണഭോക്താക്കൾ തീവ്ര വലതുപക്ഷ മുസ്‌ലീം മതമൗലികശക്തികളാണ്. ഇക്കൂട്ടരുടെ തോഴനാവുകയാണ് പലപ്പോഴും മുഷറഫ്. എന്നാൽ ദക്ഷിണപൂർവ്വേഷ്യയിലെ അമേരിക്കയുടെ ഏറ്റവും പ്രിയമിത്രവുമാണ് മുഷറഫ്. ഇത്തരം 'ട്രിപ്പീസ്' കളിയിലൂടെയാണ് തന്റെ ഭരണത്തെ മുഷറഫ് മുന്നോട്ട് കൊണ്ടുപോകുന്നത്.

ഈ ട്രീപ്പീസുകളിക്കിടയിൽ ഹനിക്കപ്പെടുന്നത് പാക്കിസ്ഥാനിലെ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളാണ്. വ്യക്തമായിപ്പറഞ്ഞാൽ പാക്ക് ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളെ ബലികൊടുത്തുകൊണ്ട് മുല്ലാരാജിനെ പ്രോത്സാഹിപ്പിക്കുകയാണ് പ്രസിഡന്റ് ജനറൽ മുഷറഫ്. ഇതിന് ഉദാഹരണമായി പാക്കിസ്ഥാനിലെ വർദ്ധിച്ചുവരുന്ന ന്യൂനപക്ഷ പീഡനങ്ങളെ ഉയർത്തിക്കാണിക്കാനാവും. 2006 ഫെബ്രുവരിൽ ഡാനിഷ് കാർട്ടൂൺ വിവാദത്തെ തുടർന്നുണ്ടായ കോലാഹലങ്ങൾ ഇക്കൂട്ടത്തിൽ എടുത്തുപറയേണ്ട ഒന്നാണ്. ഇക്കാലയളവിൽ ക്രിസ്ത്യൻ ജനവിഭാഗത്തിനെതിരെ എണ്ണമറ്റതോതിൽ ആക്രമണങ്ങൾ നടന്നു. എല്ലായിടത്തും ആക്രമണത്തിന് ചുക്കാൻ പിടിച്ചത് മതമൗലികശക്തികൾ തന്നെയാണ്. 2005-06-ലെ കാലഘട്ടത്തിൽ നടന്ന ക്രിസ്ത്യാനികൾക്കെതിരെയുള്ള ചില ആക്രമണങ്ങൾ ഇവയാണ്.

1. 2005 നവംബറിൽ പഞ്ചാബ് പ്രവിശ്യയിലെ സംഗ്ലഹില്ലിൽ 1500 ഓളം വരുന്ന അക്രമാസക്തരായ ജനക്കൂട്ടം നിരവധി ചർച്ചുകൾ, സ്കൂളുകൾ, വീടുകൾ എന്നിവ കത്തിച്ചുകളഞ്ഞു.

2. 2006 ഫെബ്രുവരിയിൽ സിന്ധിലെ സുകൂർ പട്ടണത്തിൽ രണ്ട് പള്ളികൾ, അക്രമാസക്തരായ മുസ്‌ലിം ജനക്കൂട്ടം കത്തിച്ചുകളഞ്ഞു. ഒരു ക്രിസ്ത്യൻ മതാനുയായി മുസ്‌ലിംകളെ അധിക്ഷേപിച്ചു എന്ന കിംവദന്തിയായിരുന്നു ആക്രമണത്തിന്റെ ഹേതു.

3. ജൂൺ 2005 കറാച്ചിയിലെ കാത്തലിക്ക് കന്യാസ്ത്രീ സമൂഹത്തിന്റെ (Daughter's of St. Paul)പുസ്തകശാല പോലീസ് റെയ്ഡ് ചെയ്തു. 1948 മുതൽ ക്രിസ്ത്യൻ സാഹിത്യങ്ങൾ വില്ക്കുന്ന സ്ഥാപനമാണിത്.

4. 2005 സെപ്തംബറിൽ മറിയാമാബാദിൽ ക്രിസ്ത്യൻ തീർത്ഥാടകരേയും വഹിച്ചുകൊണ്ട് പോവുകയായിരുന്ന ഒരു ബസ്സ് സായുധരായ ഒരു സംഘം തടഞ്ഞുനിർത്തി യാത്രക്കാരെ കൊള്ളയടിച്ചു. പിറ്റേന്ന് ഇതേ സ്ഥലത്ത് വമ്പിച്ച പോലീസ് സന്നാഹം കാണപ്പെട്ടു. ഈ പോലീസുകാർ തീർത്ഥാടനത്തിനെത്തിയ ക്രിസ്ത്യാനികളെ അധിക്ഷേപിക്കുകയും കൈക്കൂലി കൊടുക്കാൻ ആവശ്യപ്പെടുകയും ചെയ്തു.

5. 2005 സെപ്തംബറിൽ യൂനിസ് മസീഹ് എന്ന വ്യക്തി മുസ്‌ലിംകളെ അധിക്ഷേപിച്ചെന്ന പേരിൽ ലാഹോറിലെ നിരവധി ക്രിസ്ത്യൻ വീടുകളും സ്ഥാപനങ്ങളും ആക്രമിക്കപ്പെട്ടു.

6. 2006 ഫെബ്രുവരിയിൽ സിയാൽക്കോട്ടിലെ ക്വാൺലിറ്റ് എന്ന സ്ഥലത്തെ കാത്തലിക്ക് പള്ളി അക്രമികൾ കൈയേറുകയും ഫർണ്ണീച്ചറുകളും, പുസ്തകങ്ങളും നശിപ്പിക്കുകയും ചെയ്തു. ഈ സ്ഥലത്ത് ചെറിയ ഒരു ഭൂമിത്തർക്കം ക്രിസ്ത്യാനികളും മുസ്‌ലിംകളും തമ്മിൽ നിലനിന്നിരുന്നു. ഈ തർക്കം കോടതിയിലെത്തിയപ്പോൾ കോടതി ക്രിസ്ത്യാനികൾക്കനുകൂലമായാണ് വിധി പ്രഖ്യാപിച്ചത്. ഇതായിരുന്നു ആക്രമണത്തിനുള്ള പ്രകോപനം.

7. 2006 ഫെബ്രുവരിയിൽ ക്രിസ്ത്യാനിയായ ഗായകൻ ഏ. നയ്യാർ പാതിരാത്രിയിൽ വഴിമദ്ധ്യേ തട

(ശേഷം 8-ാം പേജിൽ)

# പ്രകാശം പരത്തുന്ന ജീവിതങ്ങൾ

## (സഹാബിമാരുടെ ജീവിതാനുഭവങ്ങൾ)

## ശൈഖ് അബ്ദുർ റഹ്മാൻ സാഹിബ് (റ) (ഭാഗം–3)

പി.കെ. വാഴക്കാല



നബിതിരുമേനി(സ)യുടെ പ്രതിപുരുഷനായിരുന്ന ഹസ്റത്ത് അഹ്മദ്(അ)ന്റെ ശിക്ഷണം പ്രാപിച്ച സഹാബാക്കൾക്ക് നമസ്കാരം എന്നത് ജീവജലമായിരുന്നു എന്നല്ല ശ്വാസോച്ഛ്വാസം തന്നെയായിരുന്നു. ദൈവസ്മരണയിൽനിന്ന കന്ന് നിൽക്കുക എന്നുള്ളത് സങ്കൽപ്പിക്കുവാൻ പോലുമവർക്കാകുമായിരുന്നില്ല. വിശ്വാസത്തിന്റെ പൂർണ്ണത തിന്മകളെ വർജിക്കുക മാത്രമല്ല നാനാവിധ നന്മകളെ സ്വായത്തമാക്കി അഹമഹമികയാ മുന്നേറുകയുമാണെന്നവർ മനസ്സിലാക്കി. എന്തെന്തെല്ലാം പ്രതിബദ്ധങ്ങളുണ്ടായിട്ടും നമസ്കാരം തുടങ്ങിയ ആരാധനാകർമ്മങ്ങളോടവർ ഒട്ടിച്ചേർന്നു നിന്നു. ഭായിജിയുടെ ജീവിതം ഇവ്വിഷയത്തിലും അസൂയാവഹമായനിലയിൽ മാതൃകായോഗ്യമായിരുന്നു. ചില ദൈവികഹിക്മത്തുകളുടെ അടിസ്ഥാനത്തിൽ പിതാവിനോടൊപ്പം ഗ്രാമത്തിലേക്ക് പോകുവാൻ ഹസ്റത്ത് അഹ്മദ്(അ) തന്റെ അരുമ ശിഷ്യനോട് നിർദ്ദേശിച്ചു. പ്രത്യക്ഷത്തിൽ ഇതൊരാത്മഹത്യാപരമായ തീരുമാനമായിരുന്നു. കടുത്ത യാഥാസ്ഥിതികരായിരുന്ന ഹിന്ദുക്കളുടെ ഗ്രാമത്തിലേക്ക് നവമുസ്ലിമായ ഭായിജിയെ ഒറ്റയ്ക്ക് പറഞ്ഞയക്കുക ഉചിതമായിരിക്കുകയില്ല എന്നതാണ് തന്റെ എളിയ അഭിപ്രായമെന്ന്, ഭൗതികവും ആത്മീയവുമായ അറിവിന്റെ നിറകുടമായിരുന്നിട്ടും വിനയത്തിന്റെ ആൾരൂപമായിരുന്ന ഹസ്റത്ത് ഹക്കീം നൂറുദ്ദീൻസാഹിബ് തന്റെ പതിവിന് വിപരീതമായി ഹസ്റത്ത് സാഹിബിനെ താഴ്മയോടെ അറിയിച്ചു. “ഇല്ല മൗലവിസാഹിബ്! ഇവൻ തങ്ങളുടേതാണെങ്കിൽ നമുക്ക് കിട്ടും. അതല്ലെങ്കിൽ ഏതെങ്കിലും മാലിന്യകൂമ്പാരത്തിന്റെ ഭാഗമായിത്തീരട്ടെ'' എന്നതായിരുന്നു ഹസ്റത്ത് സാഹിബിന്റെ ദൃഢചിത്തതയോടെയുള്ള മറുപടി. ശിഷ്യന്മാരായി വളരെ കുറച്ച് ആളുകളുണ്ടായിരുന്ന കാലഘട്ടമായിരുന്നു അത്- എങ്ങനെയെങ്കിലും ആളെ കൂട്ടുന്ന ഒരു പ്രസ്ഥാനമല്ല തന്റേതെന്നും ഇസ്ലാമിനു വേണ്ടി സർവ്വവും സമർപ്പിക്കുന്ന ത്യാഗാധനരായ ഒരു ജമാഅത്തിനെതന്നെ അല്ലാഹു തനിക്ക് നൽകും എന്ന് ഹുസൂറിന് പൂർണ്ണബോധ്യമുണ്ടായിരുന്നു. ഖാദിയാനിൽനിന്നുള്ള ഭായിജിയുടെ വേർപാട് ഹൃദയസ്പൃക്കായ രംഗങ്ങളാണ് സൃഷ്ടിച്ചത്. ഹുസൂർ(അ) ന്റെ മറുപടിയിൽ ഹക്കീം സാഹിബിന് പനി ബാധിച്ചു. വേദനാനിർഭരമായ ആ നിമിഷങ്ങളിൽ ഹക്കീം സാഹിബ് ശിഷ്യന് നൽകിയ ഉപദേശം ഏതവസ്ഥയിലും നമസ്കാരം ഉപേക്ഷിക്കരുതെന്നായിരുന്നു. കപടവാഗ്ദാനം നൽകി പിതാവ് വഞ്ചനാത്മകമായി ഭായിജിയെ നാട്ടിലേക്ക് കൊണ്ടുപോയി. പ്രതീക്ഷിച്ചതുപോലെതന്നെ നാട്ടിലെത്തിയതിനുശേഷം ആരാധനാകർമ്മങ്ങൾ അനുഷ്ഠിക്കുവാനുള്ള സ്വാതന്ത്ര്യം നഷ്ടപ്പെടുകയും വീട്ടുതടങ്കലിലാവുകയും ചെയ്തു. നമസ്കാരം നിലനാട്ടുന്നതിനായി നേരിടേണ്ടി വന്നിരുന്ന വൈഷമ്യങ്ങളെക്കുറിച്ച് ഭായിജി അനുസ്മരിക്കുന്നു. “ഒരിക്കൽ പ്രഭാതകൃത്യങ്ങൾ നിർവ്വഹിക്കാനെന്ന വ്യാജേന പുലർച്ചെ ഗോതമ്പ് വയലിലേക്ക് പോയി. വുളു എടുത്ത് നമസ്കാരം ആരംഭിച്ചതേയുള്ളൂ. ഒരാൾ ആയുധവുമേന്തി സമീപത്ത് നിൽക്കുന്നതായനുഭവപ്പെട്ടു. ശത്രുവാണ് മുമ്പിലുള്ളത്. ഇതെന്റെ അവസാന നമസ്കാരമാണെന്ന് കരുതി അല്പം ദീർഘിപ്പിച്ചു. ദുആയിൽ മുഴുകി. സലാം വീട്ടുമ്പോൾ കാണുന്നത് സാകൂതം എന്നെ നോക്കി നിൽക്കുന്ന ഒരു കശ്മീരി മുസ്ലിം തൊഴിലാളിയെയാണ്. ഞാൻ ശരിക്കും മുസ്ലിമാണെന്നറിഞ്ഞ അവൻ സന്തോഷംകൊണ്ട് തുള്ളിച്ചാടി.”

ഏകദേശം ഒമ്പത് മാസത്തെ പീഡനങ്ങൾക്കും കാഠിന്യങ്ങൾക്കും ശേഷം ഭായിജി ഖാദിയാനിൽ എത്തിച്ചേരുകയും ഖാദിയാനി എന്ന നാമത്തിൽ അറിയപ്പെട്ട് ഖാദി

(6–ാം പേജിൽ)

(3–ാം പേജിൽനിന്ന്)

നിങ്ങൾക്കൊരിക്കലും ഉണ്ടാകുമായിരുന്നില്ല. എന്നല്ല, എപ്പോഴും ഒട്ടകത്തിന്റേയോ പശുവിന്റേയോ ബലിക്ക് തുല്യമായ പ്രതിഫലം പറ്റണമെന്ന വിചാരം നിങ്ങൾക്കുണ്ടാകുമായിരുന്നു. ജുമുഅയുടെ പ്രാധാന്യം ഓരോ അഹ്മദിയും തങ്ങളുടെ മുന്നിൽ എപ്പോഴും വെക്കേണ്ടതാണ്. ചെറിയ ചെറിയ ഒഴിവുകഴിവുകൾ തിരഞ്ഞുകണ്ടെത്തി അല്ലാഹുവിന്റെ കല്പനക്ക് വിരുദ്ധം പ്രവർത്തിക്കരുത്. ഈ ജുമുആയുടെ ഖുത്ബയും നമസ്കാരവും വരവും പോക്കും ഉൾപ്പെടെ ഒന്നര രണ്ട് മണിക്കൂർ നേരത്തെ കാര്യമേയുള്ളൂ. ചിലർ ഒരു ജോലിയുമെടുക്കാതെ വെറുതെ സമയം പാഴാക്കിക്കളയാറുണ്ട്.

ജുമുആ പാഴാക്കിക്കളയുന്നവരെ സംബന്ധിച്ച് ഒരു ഹദീസിൽ വന്നിരിക്കുന്നു. ഈ ഹദീസിൽ ജുമുആ നമസ്കരിക്കാത്തവരിൽ അല്ലാഹുവിന്റെ വെറുപ്പ് ഉണ്ടാകുന്നതിനെക്കുറിച്ച് പറഞ്ഞിരിക്കുന്നു. ഹസ്റത്ത് അബൂജഹദ് സംരീ നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: ''ആരാണോ മടികൊണ്ട് തുടർച്ചയായി മൂന്ന് ജുമുആ ഉപേക്ഷിക്കുന്നത് അല്ലാഹു അവന്റെ ഹൃദയത്തിൽ മുദ്ര വെക്കുന്നതാണ്.” നോക്കുക, എത്ര മാത്രം വലിയ ഭീഷണിയാണിത്. ജുമുആ ഉപേക്ഷിക്കുന്നതുകൊണ്ട് എത്ര ഭയാനകമായ ഫലമാണ് പ്രകടമാകുന്നത്. അത്തരക്കാരുടെ ഹൃദയത്തെ തന്നെ അല്ലാഹു അടച്ചുകളയുന്നു. ഇതുണ്ടാകുന്നത് അവരുടെ തന്നെ ചെയ്തികൾ കൊണ്ടും ജുമുഅ അനുഷ്ഠാനത്തിലുണ്ടാകുന്ന അശ്രദ്ധ കൊണ്ടുമാണ്.

ഇവിടെ മൂന്ന് ജുമുആ ഉപേക്ഷിച്ചതിനാണ് താക്കീത് നൽകപ്പെട്ടിരിക്കുന്നത്. റമളാനിലെ അവസാനത്തെ ജുമുആ ഉപേക്ഷിക്കുന്നതിനെക്കുറിച്ച് ഇവിടെ പറഞ്ഞിട്ടില്ല. ആരാണോ മൂന്ന് ജുമുആ തുടർച്ചയായി ഉപേക്ഷിക്കുന്നത് അവന്റെ ഹൃദയം കഠിനമായിത്തീരുന്നു. അവന്റെ ഹൃദയത്തിന് മുദ്ര വെക്കുന്നു. അതുകൊണ്ടുതന്നെ ജുമുആയുടെ പ്രാധാന്യം എപ്പോഴും നാം മുന്നിൽ കാണേണ്ടതാണ്. ഇതിനു പുറമെ എല്ലാത്തരം ആരാധനാകർമ്മങ്ങളേയും ജീവിപ്പിച്ചു നിർത്താൻ ശ്രമിക്കേണ്ടതാണ്- എല്ലാം പൊറുക്കുന്നവനായ അല്ലാഹുവിനെക്കൊണ്ട് തന്റെ പാപങ്ങൾ പൊറുപ്പിക്കുന്നതിനുവേണ്ടി.

ഹസ്റത്ത് ജാബിർ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: “അല്ലാഹുവിലും പുനരുത്ഥാന നാളിലും വിശ്വസിക്കുന്ന ഓരോരുത്തർക്കും വെള്ളിയാഴ്ച ദിവസം ജുമുഅ അനുഷ്ഠിക്കൽ നിർബന്ധമാക്കപ്പെട്ടിരിക്കുന്നു- രോഗികളും യാത്രക്കാരും സ്ത്രീകളും കുട്ടികളും അടിമകളും ഒഴികെ. ആരാണോ കളിതമാശകളും കച്ചവടങ്ങളും കാരണത്താൽ ജുമുആയെ അവഗ

(6–ാം പേജിൽ)

# നീതിയുടെ തുടക്കം- ഇസ്ലാമിൽനിന്ന്

അഡ്വ. ടി. നിസാർ അഹമദ്, കണ്ണൂർ

ആധുനികനിയമവ്യവസ്ഥയും നീതിന്യായ സംവിധാനങ്ങളും പാശ്ചാത്യരുടെ മഹത്തായ സംഭാവനകളാണെന്നാണ് ചരിത്രം നമ്മെ ആവർത്തിച്ചു പഠിപ്പിക്കുന്നത്. നിയമവാഴ്ചയും അതിന്റെ കാതലായ കണ്ണു കെട്ടിയ നീതിദേവതയുടെ പ്രതീകവും നിഷ്പക്ഷമായ ന്യായാധിപ സങ്കൽപങ്ങളും പാശ്ചാത്യ-ക്രിസ്തീയ ബുദ്ധിരാക്ഷസന്മാർ കണ്ടുപിടിച്ചതാണെന്ന് ലോകം പൊതുവെ അംഗീകരിച്ചിട്ടുള്ളതിന് ഒരു പുനർവായന ആവശ്യമായി വന്നിരിക്കുന്നു.

ആധുനിക നിയമവ്യവസ്ഥയുടേയും നിയമവാഴ്ചയുടേയും അടിസ്ഥാനതത്വങ്ങൾ 14 നൂറ്റാണ്ടുകൾക്ക് മുമ്പ് വിശുദ്ധഖുർആനിലൂടെ അല്ലാഹു അവതരിപ്പിച്ചു എന്നതാണ് സത്യം. വിശുദ്ധ ഖുർആന്റെ പ്രാവർത്തികരൂപം തന്നെയായിരുന്ന തിരുനബി(സ.അ)യുടെ മഹത്തായ ജീവിതത്തിൽ അതുല്യമായ നിയമശാസ്ത്രങ്ങൾ ആദ്യമായി അവതരിപ്പിക്കപ്പെടുകയും ചെയ്തിരുന്നു. വളരെ ലളിതവും പ്രചുരപ്രചാരം നേടിയതുമായ സാധാരണ നിയമതത്വങ്ങൾ മുതൽ ഗഹനമായ നിയമസംഹിതയുടെ അടിസ്ഥാന ആശയങ്ങൾ വരെ ഇസ്ലാമിന്റെ പ്രത്യയശാസ്ത്രമാണ് മനുഷ്യവംശത്തിന് ആദ്യമായി സംഭാവന ചെയ്തത്.

''അപരാധിക്കുള്ള ശിക്ഷയുടെ വിധിതീർപ്പിൽ നിങ്ങൾക്ക് നീതി ചെയ്യാൻ കഴിയില്ലെന്ന് തോന്നിയാൽ സംശയത്തിന്റെ പരിരക്ഷ കുറ്റാരോപിതനാവുന്നതാണ് ഉത്തമം'' എന്ന ഖുർആൻ വചനം ഒരു വലിയ നിയമശാസ്ത്രത്തിന്റെ സ്രോതസ്സായിരുന്നു. ''സംശയത്തിന്റെ ആനുകൂല്യം അഥവാ Benefit of doubt" നല്കി പ്രതിയെ വിട്ടയച്ചു എന്ന് നിരവധി ക്രിമിനൽ കേസുകളിലെ വാർത്തകൾ നാം സാധാരണ വായിക്കുന്നതാണ്. ക്രിമിനൽ നടപടിച്ചട്ടത്തിലെയും തെളിവ് നിയമത്തിലെയും പ്രസക്തമായ വകുപ്പുകളനുസരിച്ചാണ് കോടതികൾ ഇപ്രകാരം സംശയത്തിന്റെ ആനുകൂല്യം പലപ്പോഴും പ്രതികൾക്ക് നല്കുന്നത്. ഇതൊരു സവിശേഷമായ നീതിശാസ്ത്രതത്വമാണ്. ശാസ്ത്രീയതയും നീതിയുടെ ഉദാത്തതയും സമ്മേളിക്കുന്ന ഈ തത്വശാസ്ത്രം കഴിഞ്ഞ രണ്ട് നൂറ്റാണ്ടുകൾക്കിടയിൽ പാശ്ചാത്യരുടെ ഗവേഷണശാലകളിലും ക്രിസ്തീയരായ നിയമജ്ഞരുടെ തലച്ചോറുകളിലും ജന്മമെടുത്തുവെന്നാണ് നിയമവിദ്യാർത്ഥികൾ തലമുറകളായി പഠിച്ചു വരുന്നത്.

എന്നാൽ വിശുദ്ധഖുർആൻ അക്ഷരാർത്ഥത്തിൽ തന്നെ 1400 വർഷങ്ങൾക്ക് മുമ്പ് ഈ നീതിശാസ്ത്രതത്വം വെളിപ്പെടുത്തിയിരുന്നതാണ്. എല്ലാ ശാസ്ത്രീയ നിയമതത്വങ്ങളുടേയും പിതൃത്വവും ഉത്ഭവവും ഖുർആൻ തന്നെയായിരുന്നു എന്നുള്ളതാണ് ചരിത്രയാഥാർത്ഥ്യം. എന്നാൽ അവ വസ്തുതാപരമായ വ്യാഖ്യാനങ്ങളിലൂടെ തെളിയിക്കാനും പ്രചരിപ്പിക്കാനും മുസ്ലിംലോകത്തിന് കഴിഞ്ഞില്ല എന്നതാണ് സത്യം. മുസ്ലിം പണ്ഡിതന്മാരുടെ ഈ ദൗർബല്യവും പരാജയവും മുതലെടുത്ത ക്രിസ്തീയബുദ്ധിജീവികൾ അവരുടെ സ്വയം സൃഷ്ടികളും ഗവേഷണഫലങ്ങളുമായി ഖുർആനിലെ തത്വരത്നങ്ങൾ അവതരിപ്പിക്കുകയാണുണ്ടായത്.

ഹുദൈബിയാ കരാർ എന്ന സുപ്രസിദ്ധമായ സന്ധി റസൂൽകരീം(സ.അ) തിരുമേനിയുടെ കാർമ്മികത്വത്തിൽ എഴുതിയുണ്ടാക്കി വിരലടയാളംവെച്ച ചരിത്രരേഖയാണ്. അതിന് മുമ്പ് അത്തരമൊരു കരാർ ലോകത്ത് ഒരിക്കലുമുണ്ടായിട്ടില്ല. കഴിഞ്ഞ നൂറ്റാണ്ടിൽ ആംഗ്ലോ-സാക്സിക്കൻ നിയമജ്ഞർ തയ്യാറാക്കിയ കരാർ നിയമങ്ങളും അവയുടെ ചുവട് പിടിച്ച് ബ്രിട്ടീഷ് സർക്കാർ ഇന്ത്യയടക്കമുള്ള കോളനികളിൽ നടപ്പിൽ വരുത്തിയ കോൺട്രാക്ട് ആക്ടുമാണ് പക്ഷേ, കരാർ വ്യവസ്ഥകളുടെ സമാരംഭമായി ആധുനിക ചരിത്രം സ്വീകരിച്ചിട്ടുള്ളത്. ഇന്ന് നിലവിലുള്ള ഏറ്റവും ശാസ്ത്രീയമായ ഏത് കരാർനിയമവും വിവക്ഷിക്കുന്ന കരാറിലെ കക്ഷികൾ, കക്ഷികളുടെ യോഗ്യതകൾ, കരാറിലെ വ്യവസ്ഥകൾ, അവയുടെ നിർവ്വഹണവും ലംഘനവും (Specific performance and defaults or violations) ലംഘനം തടയാനുള്ള വ്യവസ്ഥകൾ, കരാർ ലംഘനത്തിന്റെ ഫലങ്ങളും ഭവിഷ്യത്തുകളും, ഏകപക്ഷീയ പിൻവാങ്ങൽ തടയാനുള്ള വ്യവസ്ഥകൾ, കരാറിലെ കക്ഷികൾ അവരുടെ മുദ്രകളും വിരലടയാളങ്ങളും രേഖപ്പെടുത്തുന്നത്, കരാറിലെ സാക്ഷികൾ തുടങ്ങി എല്ലാ ആധുനിക കരാർ സ്വഭാവങ്ങളും ഹുദൈബിയാ കരാറിലുണ്ടായിരുന്നു. രണ്ട് സൈനിക ശക്തികളുടെ സന്ധി മാത്രമായിരുന്നില്ല അത്. രണ്ട് വ്യത്യസ്ത താല്പര്യമുള്ള കക്ഷികൾ ഉഭയസമ്മതമായി അംഗീകരിച്ച വ്യവസ്ഥകളുടെ സാക്ഷിപത്രം കൂടിയായിരുന്നു വിഖ്യാതമായ പ്രസ്തുത കരാർ. അതിന്റെ തുടക്കത്തിൽ കക്ഷികളുടെ പേരുകൾ എഴുതിച്ചേർത്തത് പോലും ഇന്ത്യൻ കോൺട്രാക്ട് ആക്ട് വ്യവസ്ഥപ്പെടുത്തിയ രീതിയിലാണെന്ന് പരിശോധിച്ചാൽ കാണാം. ചരിത്രത്തിലെ ആദ്യത്തെ ആലിഖിത കരാർ എഴുതാൻ വാചകങ്ങൾ പറഞ്ഞുകൊടുത്തതും ഒരു ഘട്ടത്തിൽ അല്ലാഹുവിന്റെ റസൂലായ

(7–ാം പേജിൽ)

## വീര ശുഹദാവ്



ബ്രിഗേഡിയർ (റിട്ട.) ഇഫ്തിഖാർ അഹ്മദ് മീർ

ഇദ്ദേഹം 2003 ജൂലൈ 17ന് മുഖം മൂടി ധരിച്ച 3 ഭീകരരുടെ വെടിയുണ്ടകളേറ്റ് ശഹീദായി. റാവൽപ്പിണ്ടി ആർമി ക്വാർട്ടേർസിലെ വസതിയിൽ കടന്ന് വെടിവയ്ക്കുകയായിരുന്നു. സംഭവ സമയത്ത് ഇദ്ദേഹത്തിന്റെ മാതാവും സഹോദരിയും മരുമക്കളും ഭാര്യാസഹോദരൻ മലിക് അബ്ദുൽ അസീസ് സാഹിബും സ്ഥലത്തുണ്ടായിരുന്നു

## അറിയിപ്പ്

*ഡോ. സലാഹുദ്ദീൻ സാഹിബിനെ നോർത്ത് ഇലാഖയുടെയും, ടി.കെ. അബൂബക്കർ സാഹിബിനെ സൗത്ത് ഇലാഖയുടെയും ഖാഇദ്മാരായി വീണ്ടും നിയമിച്ചതായി അഖിലേന്ത്യാ സദർ സാഹിബ് അറിയിച്ചു.*

## ഖുർആൻ

"അല്ലയോ വിശ്വസിച്ചവരേ, വെള്ളിയാഴ്ച ദിവസത്തിന്റെ ഒരു ഭാഗത്ത് നമസ്കാരത്തിനായി വിളിക്കപ്പെട്ടാൽ അല്ലാഹുവിനെ നമസ്കരിക്കുന്നതിലേക്ക് നിങ്ങൾ ധൃതിപ്പെട്ട് പോകുകയും വ്യാപാരം നിർത്തിവെക്കുകയും ചെയ്യുക. ഇത് നിങ്ങൾ മനസ്സിലാക്കുന്നുവെങ്കിൽ നിങ്ങൾക്ക് ഗുണകരമാണ്." *(62:10)*

## നബിവചനം

അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു. ഞാൻ റസൂൽ തിരുമേനി(സ)യോടു ചോദിച്ചു. മഹോന്നതനായ അല്ലാഹുവിന് ഏറ്റവും പ്രിയങ്കരമായ കർമ്മം എന്താണ്? നബി(സ) മറുപടി നൽകി. 'നിശ്ചിതസമയത്ത് നമസ്കാരമനുഷ്ഠിക്കുക.' ഞാൻ ചോദിച്ചു. പിന്നെന്താണ്? 'മാതാപിതാക്കളോട് നല്ലരീതിയിൽ പെരുമാറുക.' തിരുനബി(സ) അരുൾചെയ്തു. ഞാനന്വേഷിച്ചു. പിന്നെന്താണ്? തിരുനബി(സ) അരുളി. 'അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജിഹാദ് ചെയ്യുക.' *(ബുഖാരി)*

## യുഗശബ്ദം



നമസ്കരിക്കുന്നവരായിട്ടും ചില യാളുകൾ തിന്മകൾ പ്രവർത്തിക്കുന്നതായി നാം കാണുന്നു. അവർ നമസ്കരിക്കുന്നു എന്നത് ശരിതന്നെ. പക്ഷേ, അത് യഥാർത്ഥ ചൈതന്യത്തോടും സത്യസന്ധതയോടും കൂടിയുള്ള നമസ്കാരമല്ലെന്നതാണ് വാസ്തവം. അവരുടെ കുമ്പിടൽ കേവലം ആചാരവും സമ്പ്രദായവുമാണ്. അവരുടെ ആത്മാവ് ജീവനില്ലാത്തതായിരിക്കുന്നു. സത്യതയുടെ ആത്മാവ് ഉൾക്കൊള്ളുന്നതും പ്രകാശത്തിന്റെ പ്രതികരണമുള്ളതുമായിരിക്കും തിന്മകളെ അകറ്റുന്ന നമസ്കാരം. അത്തരം നമസ്കാരം തീർച്ചയായും തിന്മകളെ ദൂരീകരിക്കുന്നു.

സൂറത്തുൽ ഫാതിഹാ ആവർത്തിച്ചാവർത്തിച്ച് ഓതേണ്ടതും പ്രസ്തുത ദുആയെപറ്റി ആഴത്തിൽ ചിന്തിക്കേണ്ടതും അനിവാര്യമാണ്. കാരണം താൻ തികച്ചും ആവശ്യക്കാരനും പൂർണ്ണമായും ആശ്രിതനുമാണെന്ന ചിന്താഗതി ഉണ്ടാക്കിയെടുക്കുകയാണ് മനുഷ്യന്റെ കർത്തവ്യം. യാചകൻ അങ്ങേയറ്റം വിനയം പ്രകടിപ്പിച്ചും ചിലപ്പോൾ തന്റെ രൂപം കാണിച്ചും ചിലപ്പോൾ ശബ്ദം വെളിപ്പെടുത്തിയും മറ്റുള്ളവരിൽ അലിവുണ്ടാക്കുന്നതുപോലെ തികഞ്ഞ വണക്കത്തോടും വിലാപത്തോടും അല്ലാഹുവിന്റെ സന്നിധിയിൽ തന്റെ അവസ്ഥ സമർപ്പിക്കേണ്ടതാണ്. നമസ്കാരത്തിൽ വിനയം പ്രകടിപ്പിക്കാതെയും അതിൽ പ്രാർത്ഥന നിർവ്വഹിക്കാതെയും ആനന്ദം എങ്ങനെയുണ്ടാകാനാണ്.

ദുആ അറബിഭാഷയിൽതന്നെ ചെയ്യണമെന്ന് നിർബന്ധമില്ല. കാരണം വിനയം കാണിക്കുകയും കേഴുകയുമാണ് നമസ്കാരത്തിന്റെ യഥാർത്ഥ ഉദ്ദേശ്യം. അതുകൊണ്ട് നമസ്കാരത്തിൽ നിശ്ചിത കാര്യങ്ങൾ ചൊല്ലുന്നതിനു പുറമെ മാതൃഭാഷയിലും ദുആ ചെയ്യേണ്ടതാണ്. യഥാർത്ഥത്തിൽ നമസ്കാരമെന്നത് ഓരോ ഘട്ടത്തിലും ദുആ ചെയ്യാൻ വേണ്ടിയുള്ളതാകുന്നു. അശ്രദ്ധനായി ഉറക്കം തൂങ്ങിക്കൊണ്ടുള്ള നമസ്കാരം ശരിയായ നമസ്കാരമല്ല. ചിലർ അമ്പതിലേറെ വർഷംവരെ നമസ്കരിക്കുന്നതായി നാം കണ്ടുവരുന്നു. പക്ഷേ, അവർക്ക് ഒരു പ്രയോജനവും അതുകൊണ്ടുണ്ടാകുന്നില്ല. സത്യത്തിൽ അഞ്ചുദിവസം കൊണ്ട് ആത്മീയത നേടിത്തരുന്ന മാർഗ്ഗമാണ് നമസ്കാരം. ചില നമസ്കാരക്കാരുടെമേൽ അല്ലാഹു ശാപം വർഷിച്ചിരിക്കുന്നു. ചുരുക്കത്തിൽ നമസ്കാരത്തിൽ അശ്രദ്ധയും അലസതയും കാണിക്കാതിരിക്കേണ്ടതാണ്. നമ്മുടെ ജമാഅത്ത്, ജമാഅത്തായി തീരാൻ ആഗ്രഹിക്കുന്നെങ്കിൽ അവർ ഒരു മരണം വരിക്കേണ്ടതാകുന്നു. ശാരീരികമായ ഇച്ഛകളിൽനിന്നും ഭൗതികമായ താൽപര്യങ്ങളിൽനിന്നും രക്ഷപ്പെടുകയും എല്ലാറ്റിനേക്കാളും അല്ലാഹുവിന് മുൻഗണന നൽകുകയും ചെയ്യേണ്ടതാണ്. നമസ്കാരം അതർഹിക്കും വിധം അനുഷ്ഠിക്കുക. നിൽക്കുമ്പോൾ അല്ലാഹുവിനോടുള്ള ആജ്ഞാപാലനത്തോടും അനുസരണയോടുംകൂടി കൈകെട്ടി നിൽക്കുക. കുനിയുമ്പോൾ നിങ്ങളുടെ ഹൃദയവും കുനിയുന്നുവെന്ന് വ്യക്തമാകുംവിധം കുനിയുക. ഹൃദയത്തിൽ ഭയം തട്ടി സാഷ്ടാംഗം പ്രണമിക്കുന്നവനെപ്പോലെ സാഷ്ടാംഗം പ്രണമിക്കുക. നമസ്കാരങ്ങളിൽ ആത്മീയവും ഭൗതികവുമായ അഭിവൃദ്ധിക്കായി ദുആ ചെയ്യുക.

***(മൽഫൂസാത്ത്)***

*ചരിത്രരേഖകൾ.....................2* *സമ്പാ: ടി. ശറഫുദ്ദീൻ*

## പരസ്യം

**1925 ൽ പ്രസിദ്ധം ചെയ്ത നോട്ടീസ്.........**

"മൗലവി ഖാസി ഉസയിൻകുട്ടി" അവർകൾക്ക്:-

നിങ്ങൾ ഇന്നേദിവസം പ്രസിദ്ധം ചെയ്ത പരസ്യം കണ്ടു. അതിൽ, ഞങ്ങൾ "കാലേകൂട്ടി വിതരണം ചെയ്തിരിക്കുന്ന നോട്ടീസ്സ് അനുസരിച്ചു സംശയനിവാരണം വരുത്തിത്തരുവാനായി രണ്ട് മൗലവിമാർ പഞ്ചാബിൽനിന്ന് വന്നതിൽ ഇതേവരെ സംശയനിവാരണം പബ്ലിക്ക് യോഗത്തിൽവെച്ച് തീർത്തു കണ്ടില്ല" എന്നു നിങ്ങൾ പറയുന്നതിൽ അത്യാശ്ചര്യമാണുള്ളത്!

ഞങ്ങൾ കാലേക്കൂട്ടിത്തന്നെ പ്രസിദ്ധപ്പെടുത്തിയ നോട്ടീസുമുഖേന കേരളനിവാസികളായ ഹിന്ദു, ക്രിസ്ത്യൻ, മുസ്ലിം മുതലായ എല്ലാ ജാതിമതസ്ഥന്മാരേയും ക്ഷണിച്ചുകൊണ്ടാണ് യോഗം ആരംഭിച്ചിട്ടുള്ളത്. അതനുസരിച്ചു നാനാജാതി മതസ്ഥന്മാരും യോഗാരംഭം മുതൽ ഞങ്ങളുടെ യോഗസ്ഥലത്ത് വന്ന് പ്രസംഗങ്ങൾ കേട്ടുകൊണ്ടുതന്നെയിരിക്കുന്നു. ഇത് ഒരു "പബ്ലിക്ക് യോഗ"മല്ലെന്നു നിങ്ങളല്ലാതെ മറ്റാരും പറയുമെന്നുള്ളത് സംശയമാണ്. എന്നാൽ, "സംശയനിവാരണാർത്ഥം" ഞങ്ങൾ ചെയ്തുപോന്നിരുന്ന പ്രസംഗങ്ങൾ കേൾക്കുന്നതിനായി വരുന്ന ജനങ്ങളെ നിങ്ങളുടെ സംഘക്കാർ പ്രസംഗങ്ങൾമൂലവും ബലാല്ക്കാരേണയും മറ്റും പരസ്യമായി നിരോധിച്ചുവരുന്ന വിവരം ഒട്ടും രഹസ്യമായുള്ളതല്ല. ഇങ്ങനെയുള്ള തടസ്ഥംനിമിത്തം വന്നുകേൾപ്പാൻ നിവൃത്തിയില്ലാതെ പോയവർക്കു "സംശയനിവാരണം" വരുത്തിയില്ലെന്നായിരിക്കാം നിങ്ങൾ പറയുന്നതും. അതിന്നു ഉത്തരവാദികൾ ഞങ്ങളാണോ?

"സത്യത്തിന്നുവേണ്ടി ജീവൻപോലും ത്യാഗം ചെയ്യുവാൻ ഒരുങ്ങിയിരിക്കുന്നവരാണ് ഞങ്ങളെന്നുള്ളതു വാസ്തവംതന്നെ. എന്നാൽ, അകാരണമായും അനാവശ്യമായും കരുതിക്കൂട്ടിയും ജീവനെ ത്യാഗം ചെയ്യുവാൻ പാടുള്ളതല്ല. അത് "സ്വാത്മഹത്യ"യാണ്!

യോഗസ്ഥലം ഒരു അഹ്മദിയുടേതാണെങ്കിലും, അത് യോഗത്തിനായി നിശ്ചയിക്കപ്പെട്ടതുകൊണ്ട്, യോഗാരംഭം മുതൽ യോഗാവസാനംവരെ അത് "പബ്ലിക്ക്സ്ഥലം" തന്നെയാണെന്നുള്ളതു ആ വിഷയത്തിൽ പരിചയമുള്ളവർക്കെല്ലാം അറിയാവുന്നതാണ്.

പിന്നെ, ഇന്നുരാത്രി 8 1/2 മണിക്ക് നിങ്ങൾ നടത്തുവാൻ പോകുന്ന യോഗത്തിൽ വന്നുചേർന്നു "സംശയനിവാരണം വരുത്തേണ്ടതിലേക്കു" ഞങ്ങളെയും ഞങ്ങളുടെ മൗലവിമാരെയും നിങ്ങൾ ക്ഷണിക്കുന്നുവല്ലോ. എന്നാൽ, നിങ്ങളുടെ ക്ഷണപ്രകാരം ടി.യോഗത്തിൽ ഞങ്ങൾക്കു വന്നുചേർന്നു സംശനിവാരണം വരുത്തിത്തരുവാൻ നിവൃത്തിയില്ലാതെ വന്നിരിക്കുന്നു. കാരണം, ഒന്നാമതായി, ഞങ്ങൾ കാലേക്കൂട്ടി പ്രസിദ്ധം ചെയ്തുപോയ പ്രോഗ്രാമനുസരിച്ച് ഇന്നുരാത്രി 8 മണിക്ക് ഞങ്ങളുടെ സ്ഥലത്തുവെച്ചുതന്നെ പ്രസംഗം നടത്തേണ്ടതായിട്ടുണ്ട്. രണ്ടാമതായി, ഞങ്ങളുടെ പ്രോഗ്രാം പ്രകാരമുള്ള പ്രസംഗത്തിനുശേഷം നിങ്ങളുടെ സ്ഥലത്തു സംശയനിവാരണത്തിനുവേണ്ടി ഞങ്ങളെ ക്ഷണിക്കുന്നപക്ഷം, നിങ്ങളുടെ സംഘക്കാർ ആയിരക്കണക്കായി കൂടുന്ന ടി. സ്ഥലത്ത് ഞങ്ങൾ വരുന്നപക്ഷം സമാധാന ലംഘനം സംഭവിക്കുമെന്ന് ശങ്കിക്കുന്നു. അതിനാൽ, അതിലേക്കുള്ള എല്ലാ ഉത്തരവാദിത്വവും നിങ്ങൾ കയ്യേൽക്കുകയും, ആ വിവരത്തിനു നിങ്ങളുടെ ഒപ്പോടും, സീലോടും കൂടിയ ഒരു കത്ത് ഞങ്ങൾക്കയച്ചുതരികയും, പോലീസ് അധികൃതന്റെ അനുവാദത്തിനുപുറമെ പോലീസ് ബന്തോവസ്തു ചെയ്തുതരികയും ചെയ്യുന്നതായാൽ, നിങ്ങൾ ക്ഷണിക്കുന്ന സ്ഥലത്ത് വന്ന് സംശയനിവാരണം വരുത്തിത്തരുവാൻ ഞങ്ങൾ ഒരുക്കമാണ്.

*കണ്ണൂർ,*
*22.10.25.*

*എന്ന്, സെക്രട്ടറി,*
*മലബാർ അഹ്മദിയ്യാ സംഘം.*

---

*(5-ാം പേജിൽ നിന്ന്)*

ണിച്ചത് അല്ലാഹു അവനേയും അവഗണിച്ചുകളയുന്നതാണ്. തീർച്ചയായും അല്ലാഹു പരാശ്രയരഹിതനും സ്തുത്യർഹനുമാണ്.

അതിനാൽ, അതീവചിന്തയോടെ ജുമുഅ അനുഷ്ഠിക്കേണ്ടതാണ്. ഈ ഹദീസിൽ ഒഴിച്ചുനിർത്തിയിട്ടുള്ളവർ, അതായത് രോഗികൾക്ക് ചില നിർബന്ധിതാവസ്ഥയുണ്ടാകും. അതുകൊണ്ടവർക്ക് വരാൻ പറ്റുകയില്ല. ചിലപ്പോൾ യാത്ര ചെയ്യാൻ മനുഷ്യൻ നിർബന്ധിതനാകുന്നു. അതുകൊണ്ട് യാത്രക്കാരെക്കുറിച്ചും പറഞ്ഞു. പക്ഷേ, കാരണമൊന്നുമില്ലാതെ മനഃപൂർവ്വം ജുമുഅ ദിവസം യാത്രചെയ്യുന്നവർ അത്തരം പ്രവൃത്തികളിൽനിന്ന് പിന്തിരിയേണ്ടതാണ്. അതുകൊണ്ടാണ് നബി(സ) തിരുമേനി വ്യാഴാഴ്ച യാത്ര പുറപ്പെടുന്നത് ഇഷ്ടപ്പെട്ടിരുന്നത്; ജുമുആക്ക് മുമ്പേ എത്തേണ്ട സ്ഥലത്ത് എത്തിച്ചേരാൻ.

ഇപ്രകാരം സ്ത്രീകൾക്ക് ജുമുആയ്ക്ക് വരൽ നിർബന്ധമല്ല. എന്നാൽ, അറിവും ബോധവുമുള്ള സ്ത്രീകൾ ഏതവസ്ഥയിലും പെരുന്നാളിന് വരേണ്ടത് നിർബന്ധമാണ്. പക്ഷേ, ജുമുആ നമസ്കാരത്തിന് വരുന്നത് അവർക്ക് നിർബന്ധമല്ല. അതിനവർക്ക് ഒഴിവുണ്ട്. ഇപ്രകാരംതന്നെ അടിമകൾക്കും നിർബന്ധിതാവസ്ഥയുണ്ടാകും. അതുകൊണ്ട് അവർക്കും ഒഴിവ് നൽകിയിരിക്കുന്നു. അവർക്കതിൽ കുറ്റമൊന്നുമില്ല.

ഹസ്രത്ത് മസീഹ് മൗഊദ്(അ) ജുമുആയുടെ പ്രാധാന്യത്തെക്കുറിച്ച് ജുമുആയ്ക്ക് അവധി നൽകണമെന്ന് ആവശ്യപ്പെട്ട് വൈസ്രോയിക്ക് അയച്ചുകൊടുത്ത ഒരഭ്യർത്ഥനയിൽ പറയുന്നു: "ജുമുആ ദിവസം ഇസ്ലാമികമായ ഒരു മഹത്തായ ആഘോഷമാണ്. വിശുദ്ധഖുർആനിൽ ഈ ദിവസത്തെ പ്രത്യേകപ്പെടുത്തി ഒഴിവു ദിവസമെന്ന് പറഞ്ഞിരിക്കുന്നു. ഒരദ്ധ്യായം തന്നെ ഇതിനെക്കുറിച്ച് വിശുദ്ധഖുർആനിൽ ഉണ്ട്. ഇതിന്റെ പേര് സൂറത്തുൽ ജുമുഅ എന്നാണ്. ജുമുആയ്ക്കായി ബാങ്കുകൊടുത്താൽ നിങ്ങൾ ഭൗതികമായ എല്ലാ കാര്യങ്ങളും നിർത്തിവെക്കാനും പള്ളിയിൽ ഒത്തുചേരാനും കല്പിച്ചിരിക്കുന്നു. ജുമുആ നമസ്കാരം അതിന്റെ എല്ലാ നിബന്ധനയോടും കൂടി അനുഷ്ഠിക്കുക. ആരാണോ ഇങ്ങനെ പ്രവർത്തിക്കാത്തത് അവൻ വലിയ പാപിയാണ്. അടുത്തുതന്നെ അവൻ ഇസ്ലാമിൽനിന്ന് പുറത്തുപോകാനിടയുണ്ട്. ജുമുആ നമസ്കരിക്കാനും ഖുത്ബ കേൾക്കാനും എത്രമാത്രം വിശുദ്ധഖുർആനിൽ താക്കീത് ചെയ്തിട്ടുണ്ടോ അത്രത്തോളം പെരുന്നാളിനെക്കുറിച്ച് പറഞ്ഞിട്ടില്ല.

നമ്മളിൽ വന്നുപോയിട്ടുള്ള തെറ്റുകളെല്ലാം അല്ലാഹു നമുക്ക് പൊറുത്തുതരുമാറാകട്ടെ. തന്റെ തൃപ്തിയുടെ മാർഗ്ഗത്തിലൂടെ നടത്തുമാറാകട്ടെ. എല്ലാ ശർറുകളിൽനിന്ന് നമ്മേയും നമ്മുടെ തലമുറകളേയും രക്ഷിക്കുമാറാകട്ടെ.

*(ഖുത്ബ, 20.10.2006)*

*(5-ാം പേജിൽ നിന്ന്)*

യാന്റെ ഒരുഭാഗമായിത്തീരുകയും ചെയ്തു. ജീവിതം ഇസ്ലാമിനുവേണ്ടി വഖ്ഫ് ചെയ്ത ഭായിജി ഹസ്രത്ത് മസീഹ് മൗഊദ്(അ)ന്റെയും ഖുലഫാക്കളുടെയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ ഖാദിയാനിൽനിന്ന് പുറത്തുപോയിരുന്നുള്ളൂ. വഖ്ഫിന്റെ മാർഗ്ഗത്തിലുള്ള വിഷമതകളെ സസന്തോഷം സ്വീകരിച്ചു. ഹുസൂർ(അ)യുമായി ബന്ധപ്പെട്ട് നിരവധി സംഭവങ്ങൾ ഇദ്ദേഹം മുഖേന നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. ഹുസൂറിന്റെ ലാഹോറിലേക്കുള്ള അവസാനയാത്രയിലും ഭായിജി അനുഗമിച്ചിരുന്നു. ഇന്ത്യാ-പാക് വിഭജനത്തിനുശേഷം ദർവേശായും സേവനമനുഷ്ഠിക്കാനുള്ള ഭാഗ്യം ലഭിച്ചു. 1961 ജനുവരി ആദ്യവാരം സുദീർഘകാല സേവനത്തിനുശേഷം തന്റെ ജീവിതലക്ഷ്യം പ്രാപിച്ച് വഫാത്തായി. ***ഇന്നാലില്ലാഹി വഇന്നാഇലൈഹി റാജിഊൻ.***

## മിഡിൽ ഈസ്റ്റ്

**അമൻ**


റാമല്ലയിലെ കെട്ടിടങ്ങൾക്ക് നേരെ
ഇസ്രായേൽ കണ്ണു തുറക്കുമ്പോൾ
ഗാസയിൽ ഒരു കബറിടം
ശോകഭരിതമാകുന്നു.
വെസ്റ്റ്ബാങ്കിലെ ഒരു തെരുവിൽ
പുതിയ വാക്കുകൾ മുഴങ്ങവേ
വീണ്ടും വെടിയൊച്ച കേൾക്കുന്നു.
പ്രണയം പെയ്തൊഴിഞ്ഞ ലബനീസ്
തെരുവുകളിൽ ഷെല്ലുകളുടെ സംഗീതം
ബാഗ്ദാദിലെ ചത്വരങ്ങളിൽ
പുതിയ ചാവേറുകൾ പൊട്ടിത്തീരുന്നു
കർബലയിൽ സ്മാരകഫലകങ്ങളിൽ
തിക്രീത്തിലെ ഈന്തപ്പഴത്തോട്ടങ്ങളിൽ
രക്തം വെള്ളത്തെ പിന്തള്ളുന്നു.
ദമാസ്കസിലെ ചുവന്ന കൊട്ടാരങ്ങളിലൊന്നിൽ
ചുണ്ടുകരിഞ്ഞ കിളി ചിലക്കുമ്പോൾ
ജിബ്രാൾട്ടറിൽ ജയഭേരി കേൾക്കാം.
ജറുസലേമിൽ അൽഅഖ്സയുടെ-
തണുത്ത പ്രഭാതത്തിൽ
കുരിശും, കാൽവരിയും, ഷാബത്തും
അശാന്തിയുടെ നിത്യസങ്കീർത്തനമോതുന്നു
ഇറാനിലെ സൂഫികൾ ഖവ്വാലി-
അവരോഹണത്തിൽ തുടങ്ങുമ്പോൾ
കാലഹൃദയത്തിൽ ഓർമ്മകൾ ഉണരുന്നു.
സുവർണ്ണ മിനാരങ്ങളിലിപ്പോൾ
നാശത്തിന്റെ തീ പടരുകയാണ്.

## പിന്നിട്ട നാളുകൾ

# പ്രൊഫ. എം. മുഹമ്മദ് സാഹിബ്

**തയ്യാറാക്കിയത് - ശംസുദ്ദീൻ**

പറങ്കിപ്പട ഇന്ത്യയുടെ ഭരണം കയ്യാളുന്നകാലം. അക്കാലത്ത് കേരളത്തിലെ പേടിസ്വപ്നമായിരുന്നു ആമുസൂപ്രണ്ട്. ആമുസൂപ്രണ്ടിന് ബ്രിട്ടീഷുകാർ അവർക്ക് നൽകിയ സേവനങ്ങൾ മാനിച്ച് ഒരു ബംഗ്ലാവ് സമ്മാനിച്ചു. അതാണ് കണ്ണൂരിലെ 'ആമുസാഹിബ്സ് ബംഗ്ലാവ്'. അദ്ദേഹത്തിന്റെ പേരമകൻ മുഹമ്മദ് അഹ്മദിയാകുന്നത് ആരാലും തബ്ലീഗ് ചെയ്യപ്പെടാതെയാണ്. മണ്ണൻകടിയൻ തറവാട്ടുകാരനായ സി.സി. അഹ്മദ് സാഹിബിന്റേയും കണ്ണൂർ സിറ്റിയിലെ ബോംബക്കാരന്റവിട നഫീസബി സാഹിബയുടെയും മകനാണ് മുഹമ്മദ് എന്ന ഈ യുവാവ്. ഇദ്ദേഹമാണ് പിൽക്കാലത്ത് ജമാഅത്തിന്റെ വിവിധ സ്ഥാനങ്ങൾ അലങ്കരിക്കുകയും കേരളത്തിലെ അറിയപ്പെടുന്ന അദ്ധ്യാപകനും സാമൂഹ്യപ്രവർത്തകനുമായി മാറിയ പ്രൊഫ. എം. മുഹമ്മദ് സാഹിബ്.



മുഹമ്മദ് സാഹിബിന്റെ സ്കൂൾ വിദ്യാഭ്യാസം മദ്രാസിലായിരുന്നു. പിതാവിന്റെ ജോലി മദ്രാസ് സെക്രട്ടറിയേറ്റിലായിരുന്നതാണ് അതിന് കാരണം. മദ്രാസ് ക്രിസ്ത്യൻ സ്കൂളിൽ നിന്നും മെട്രിക് പൂർത്തിയാക്കി നാട്ടിൽ തിരിച്ചെത്തി. തുടർന്ന് ഇന്റർമീഡിയറ്റിനായി തലശ്ശേരി ബ്രണ്ണൻ കോളേജിൽ ചേർന്നു. ഇപ്പോഴത്തെ കേന്ദ്രമന്ത്രി ജ:ഇ. അഹ്മദ് സാഹിബും ബ്രണ്ണൻകോളേജിൽ ചരിത്രവിദ്യാർത്ഥിയായി മുഹമ്മദ് സാഹിബിനോടൊപ്പം ഉണ്ടായിരുന്നു. ഇംഗ്ലീഷ് ഭാഷയിൽ ബിരുദവും ബിരുദാനന്തരബിരുദവും നേടാനായി തിരുവനന്തപുരം യൂനിവേഴ്സിറ്റി കോളേജിലെത്തി. ഈ ഭൗതിക വിദ്യാഭ്യാസത്തിനിടയിലും മകന് മതപഠനം നൽകാൻ പിതാവ് മറന്നില്ല. ദീനീപരമായ അച്ചടക്കത്തോടെ തന്നെ മക്കളെ വളർത്തുന്നതിൽ സി.സി. അഹ്മദ് സാഹിബിന് നിർബന്ധമായിരുന്നു. ഖുർആൻ പഠനം പ്രോത്സാഹിപ്പിക്കാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. അതിനായി ഇംഗ്ലീഷ് പരിഭാഷകൾ വാങ്ങിക്കൊടുത്തു. അതിലൊന്ന് മുഹമ്മദലി സാഹിബിന്റെ ഇംഗ്ലീഷ് പരിഭാഷയാണ്. മുഹമ്മദ് സാഹിബ് അത് പഠിക്കാനാരംഭിച്ചു. ആദ്യമായി ആമുഖം വായിക്കാൻ തീരുമാനമെടുത്തു. അതിലെ ചില വാചകങ്ങൾ മുഹമ്മദ് സാഹിബിന്റെ മനസ്സിനെ ഉണർത്തി. "ഈ പരിഭാഷയിൽ കാണുന്ന എല്ലാ വിജ്ഞാനങ്ങൾക്കും ഞാൻ കടപ്പെട്ടിരിക്കുന്നത് കാലഘട്ടത്തിന്റെ മസീഹ് ഹസ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)നോടാണ്." ഇതാണ് ആ വാക്കുകൾ. വാഗ്ദത്ത മസീഹിനെ കുറിച്ചുള്ള അന്വേഷണം മുഹമ്മദ് സാഹിബ് അവിടെ തുടങ്ങി.

ഈ അന്വേഷണം നടക്കുന്നതിനിടയിൽ സത്യദൂതൻ മാസിക മുഹമ്മദ് സാഹിബിന്റെ കൈകളിലെത്തി. അത് സ്വന്തം അനുജൻ അബ്ദുൽ റഷീദ് സാഹിബിലൂടെ. അബ്ദുൽ റശീദ് കണ്ണൂർ മുനിസിപ്പാൽ സ്കൂളിലാണ് പഠിച്ചത്. ഒരു ദിവസം ക്ലാസ്സിൽ ഒരു സംഭവമുണ്ടായി. ഒരു അദ്ധ്യാപകൻ നബി(സ) തിരുമേനിയെ ഇകഴ്ത്തിയും യേശുക്രിസ്തുവിനെ പുകഴ്ത്തിയും സംസാരിച്ചു. റഷീദടക്കം ക്ലാസ്സിലെ മുസ്‌ലിം കുട്ടികൾ നിശ്ശബ്ദരായി. അദ്ധ്യാപകനെ ഖണ്ഡിക്കാൻ ധൈര്യമില്ല. പോരെങ്കിൽ അതിനുള്ള അറിവുമില്ല. പൊടുന്നനെ ഒരു കുട്ടി എഴുന്നേറ്റു അദ്ധ്യാപകന്റെ വാദങ്ങളെ എതിർത്തു. റശീദ് അമ്പരന്നു. 'ഞങ്ങൾക്ക് സാധിക്കാത്തത് ഇവനെങ്ങനെ സാധിച്ചു?' റശീദ് ചിന്തിച്ചു. ഉടനെ ആ കുട്ടിയെ സമീപിച്ചു കാര്യമന്വേഷിച്ചു. അല്ലാ 'മജീദേ, നിനക്കെങ്ങനെ ഇതിനു കഴിഞ്ഞു?' - അതേ ആ കുട്ടി പുൽസാറകത്ത് അബ്ദുൽ മജീദ് സാഹിബായിരുന്നു- മജീദ് സാഹിബ് പറഞ്ഞു. "നിനക്കും അത് സാധിക്കും. നീ സത്യദൂതൻ വായിച്ചുനോക്ക്." അങ്ങനെ മുഹമ്മദ് സാഹിബിന്റെ അനുജന് സത്യദൂതൻ ലഭ്യമായി. അത് വീട്ടിലെത്തി. ഇതുകണ്ട വീട്ടുകാർക്ക് പരിഭ്രാന്തി. അവർ ആവലാതിപ്പെട്ടു. "നീയെന്താ വേണ്ടാത്തതൊക്കെ വായിക്കുന്നത്?" മുഹമ്മദ് സാഹിബ് അനുജനോട് ചോദിച്ചു. ഉടനെ റശീദ്സാഹിബിന്റെ മറുപടി വന്നു. ''അല്ല. ഇക്കാക്ക, ഇത് നല്ല ബുക്കാണ്. റസൂലുല്ലായെക്കുറിച്ചൊക്കെ പുതിയ അറിവുകൾ ഇതിലുണ്ട്. ഇക്ക ഒന്നു നോക്ക്." അങ്ങനെ മുഹമ്മദ് സാഹിബിന് കാലത്തിന്റെ സത്യദൂതനെ തിരിച്ചറിയാനുള്ള 'സത്യദൂതൻ' ലഭ്യമായി.

കാലങ്ങൾ കടന്നുപോയി. ഒരു ദിവസം കണ്ണൂർ ടൗൺ ഹാളിൽവെച്ച് അഹ്മദികളുടെ പ്രസംഗം കേൾക്കാനിടയായി. അന്ന് പ്രസംഗിച്ചത് മർഹൂം എൻ. അബ്ദുർ റഹീംസാഹിബ്. പ്രസംഗത്തിൽ ആകൃഷ്ടനായ മുഹമ്മദ് സാഹിബ് അബ്ദുർ റഹീം സാഹിബിനെ പരിചയപ്പെട്ടു. അപ്പോഴാണ് തന്റെ ഉമ്മാന്റെ വീടിനടത്തുതന്നെ അഹ്മദികൾക്ക് ഒരു കേന്ദ്രമുണ്ടെന്നറിയുന്നത്.

1963-ൽ ഫറൂഖ് കോളേജിൽ ഇംഗ്ലീഷ് ലക്ചററായി താൽക്കാലിക നിയമനം ലഭ്യമായി. അപ്പോഴേക്കും മുഹമ്മദ് സാഹിബ് അഹ്മദിയായിക്കഴിഞ്ഞിരുന്നു. കോളേജ് അധികാരികൾക്ക് ഇതറിയുമായിരുന്നില്ല. മുസ്‌ലിം മാനജ്മെന്റിന്റെ കീഴിലായിരുന്ന കോളേജ് കാമ്പസിൽ നമസ്കാരത്തിനായി ഒരു പള്ളിയുമുണ്ട്. മുഹമ്മദ് സാഹിബ് ജുമുഅ നമസ്കാരത്തിനും മറ്റുമായി കോഴിക്കോട്ടെത്തി. കോളേജിലെ പള്ളി ഇമാം, സാലിഹ് സാഹിബ് അഹ്മദിയായിരുന്നു. അദ്ദേഹവും കോഴിക്കോട് പോയിത്തുടങ്ങി. ക്രമേണ ഇവർ ഖാദിയാനികളാണെന്ന വിവരം പരന്നു. ഇതോടെ മാനേജ്മെന്റും മുഹമ്മദ് സാഹിബും തമ്മിലുള്ള ബന്ധം ഉലഞ്ഞു. അടുത്ത വർഷം മുഹമ്മദ് എന്ന അദ്ധ്യാപകന് ഫറൂഖ് കോളേജിൽ നിയമനം നൽകിയില്ല. ആ വർഷം ഇംഗ്ലീഷ് അദ്ധ്യാപനത്തിൽ ഡിപ്ലോമ കരസ്ഥമാക്കി. 1965-ൽ കണ്ണൂർ എസ്.എൻ.കോളേജിൽ ലക്ചററായി നിയമനം ലഭിച്ചു.

മാതാപിതാക്കൾക്ക് മകൻ അഹ്മദിയായതിൽ യാതൊരു എതിർപ്പുമുണ്ടായില്ല. പക്ഷേ, ഉപ്പയുടെ വീട്ടുകാർ പലതരം എതിർപ്പുകളുമുയർത്തി. അത് മാതാപിതാക്കളെ വിഷമിപ്പിച്ചു. പഴയങ്ങാടിയിലെ ഡോ. മുബാറഖബീവി സാഹിബയാണ് മുഹമ്മദ്സാഹിബിന്റെ സഹധർമ്മിണി. മകന്റെ കല്യാണത്തിന് മാതാപിതാക്കൾക്ക് അവരുടെ കുടുംബാംഗങ്ങളുടെ എതിർപ്പുകാരണം പങ്കെടുക്കാനായില്ല.

മുഹമ്മദ് സാഹിബ് ജമാഅത്തിന്റെ വിവിധ സ്ഥാനങ്ങൾ അലങ്കരിച്ചിട്ടുണ്ട്. 1969-70 കാലഘട്ടത്തിൽ സംസ്ഥാനടിസ്ഥാനത്തിൽ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ രൂപീകരിച്ചപ്പോൾ ആദ്യ ഖായിദായി മുഹമ്മദ് സാഹിബ് നിയമിതനായി. മർഹൂം അമീറലി സാഹിബ് കേരള അഹ്മദിയ്യാ സെൻട്രൽ കമ്മിറ്റി പ്രസിഡന്റായിരുന്ന ഒരവസരത്തിൽ മുഹമ്മദ് സാഹിബ് വൈസ്പ്രസിഡന്റായിരുന്നു. കണ്ണൂർ ജമാഅത്തിന്റെ വൈസ്പ്രസിഡന്റായും രണ്ടുതവണ പ്രസിഡന്റായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. നല്ലൊരു അദ്ധ്യാപകനായിരുന്ന ഇദ്ദേഹത്തിന്റെ ശിഷ്യവൃന്ദം വളരെ വലുതാണ്. ഗാന്ധിയൻ പ്രസ്ഥാനത്തിലൂടെയും മദ്യനിരോധന സമിതിയിലൂടെയും പൊതുരംഗത്തും ഇദ്ദേഹം അറിയപ്പെട്ടുവരുന്നു.

---

# അനുമോദന യോഗം

**ആലപ്പുഴ, ഒക്ടോബർ 8:** ആലപ്പുഴ ഖുദ്ദാമുൽ അഹ്മദിയ്യായുടെ നേതൃത്വത്തിൽ ഒക്ടോബർ 8-ാം തീയതി ഞായറാഴ്ച അസർ നമസ്കാരാനന്തരം പള്ളിയുടെ പുനർനിർമ്മാണ പ്രക്രിയയിൽ സജീവമായി പങ്കെടുത്തുകൊണ്ടിരിക്കുന്ന ഖാദിംകളെ അനുമോദിക്കുന്നതിനായി ഒരു വിശേഷാൽ പൊതുയോഗം സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ വെച്ച് റംസാൻ റിലീഫ് പ്രവർത്തനങ്ങളുടെ ഭാഗമായി സമീപ പ്രദേശത്ത് നിവസിക്കുന്ന നിർദ്ധനരായ നൂറോളം കുടുംബങ്ങൾക്കുള്ള അരി വിതരണത്തിന്റെ ഔപചാരികമായ ഉദ്ഘാടനവും നിർവ്വഹിക്കപ്പെട്ടു.



സെക്രട്ടറി തർബിയ്യത്ത് ജനാബ് സുധീർ സാഹിബിന്റെ തിലാവത്തോടുകൂടി ആരംഭിച്ച പ്രസ്തുത യോഗത്തിൽ ആലപ്പുഴ ഖാഇദ് ജനാബ് മുബാറക് സാഹിബ് അദ്ധ്യക്ഷത വഹിച്ചു. സൗത്ത് ഇലാഖാ ഖാഇദ് ജനാബ് ടി.കെ. അബൂബക്കർ സാഹിബ്, ജമാഅത്ത് പ്രസിഡണ്ട് ടി.എച്ച്. അബ്ദുറസാഖ് സാഹിബ്, മൗലവി മുഹമ്മദ് നജീബ് ഖാൻ സാഹിബ്, മൗലവി സുബൈർ സാഹിബ്, സെക്രട്ടറി ഇസ്‌ലാഹ് വഇർഷാദ് ജനാബ് കെ. ആർ. എം. ഷറഫ് സാഹിബ്, സഈം അൻസാറുള്ളാ തുടങ്ങിയവർ സംസാരിക്കുകയുണ്ടായി.

---

(5-ാം പേജിൽ നിന്ന്)

മുഹമ്മദ് എന്ന് ഒന്നാം കക്ഷിയുടെ പേര് എഴുതാൻ രണ്ടാം കക്ഷി അനുവദിക്കാതിരുന്നപ്പോൾ തിരുനബി (സ.അ) ഇതരകക്ഷിയുടെ നിർദ്ദേശം സ്വീകരിച്ചുകൊണ്ട് അമർഷവും വിഷമവും ഉള്ളിലൊതുക്കി മാറിനിന്ന സഹാബിമാരുടെ മുന്നിൽവെച്ച് അബ്ദുള്ളയുടെ മകൻ മുഹമ്മദ് എന്ന് മാത്രമായി തന്റെ പേര് സ്വയം എഴുതിച്ചേർത്ത് ആ ചരിത്രപ്രസിദ്ധമായ കരാർ ക്രോഡീകരിച്ചു. അങ്ങനെ ചരിത്രത്തിലെ ആദ്യത്തെ കരാർ നിർമ്മിച്ചത് തിരുനബി(സ.അ)യായി മാറി. ആ ആദ്യകരാറിലെ ആദ്യകക്ഷിയും 'അബ്ദുള്ളയുടെ മകൻ മുഹമ്മദ്' എന്ന് ആ കരാറിൽ രേഖപ്പെടുത്തപ്പെട്ട സർവ്വകാലങ്ങളുടെയും പ്രവാചകപ്രഭു ആയിരുന്നു. അത് കഴിഞ്ഞ് നൂറ്റാണ്ടുകൾക്ക് ശേഷമാണ് കരാർ നിയമങ്ങളും ഇന്ത്യൻ കോൺട്രാക്ട് ആക്ടും ഇന്ത്യയിലും വിദേശങ്ങളിലുമായി കരാർ വ്യവസ്ഥകൾ അടിസ്ഥാനമാക്കിയ പരശ്ശതം മറ്റു നിയമങ്ങളുമുണ്ടായത്.

ഭരണകൂടത്തിൽനിന്നും സ്വതന്ത്രവും നിഷ്പക്ഷവും സുശക്തവും രാഷ്ട്രത്തലവനെപ്പോലും വിചാരണ ചെയ്യാൻ മാത്രം അധികാരവുമുള്ള ജുഡീഷ്യൽ സംവിധാനം ആധുനിക ജനാധിപത്യ-റിപ്പബ്ലിക്ക് വ്യവസ്ഥകളുടെ സിന്ദൂരത്തിലകമാണ്. ഈ മഹത്തായ കണ്ടുപിടുത്തവും ലിബറൽ രാഷ്ട്രമീമാംസാദർശങ്ങളുടെ ഭാഗമായി പാശ്ചാത്യസംഭാവനയായിട്ടാണ് ചരിത്രം എഴുതിവെച്ചിട്ടുള്ളത്. എന്നാൽ, യേശുദേവനെ വിധിച്ച പിലാത്തോസ് ജഡ്ജിയും ഭരണകർത്താവും എന്ന നിലയിൽ ആ നീതിമാന്റെ രക്തത്തിൽ പങ്കില്ലെന്ന് പറഞ്ഞ് കൈകഴുകിയ ചരിത്രബിന്ദുവിൽനിന്ന് ഇസ്‌ലാമിന്റെ ആവിർഭാവംവരെയുള്ള നൂറ്റാണ്ടുകളിലോ അതിന് മുമ്പോ പിലാത്തോസിന്റെ പ്രതിരൂപങ്ങളെയല്ലാതെ മറ്റൊരു വിധിതീർപ്പിന്റേയോ വിചാരണയുടേയോ സങ്കല്പം തന്നെ അജ്ഞാതമായിരുന്നു. എന്നാൽ, ചരിത്രത്തിലാദ്യമായി റസൂൽ കരീം(സ.അ) ഇസ്‌ലാമിൽ ഖാസിയെ നിയമിച്ചു. ഖാസി ഒരു പുതിയ സംവിധാനമായിരുന്നു. അതായിരുന്നു ലോകചരിത്രത്തിലെ ആദ്യത്തെ നിഷ്പക്ഷ ജുഡീഷ്യറി. ഹസ്റത്ത് മുആവിയ എന്ന സഹാബിയായിരുന്നു ആദ്യത്തെ ഖാസി. ആ പദവിയെന്തെന്നോ എങ്ങനെയെന്നോ അറിയാതിരുന്ന സഹാബാക്കളുടെ നിഷ്കളങ്കമായ സംശയങ്ങൾക്ക് മറുപടി പറഞ്ഞ തിരുനബി(സ.അ) തന്റെ മൊഴിമുത്തുകളിലൂടെ ആധുനിക ജുഡീഷ്യൽ സംവിധാനത്തിന് വിത്തുപാകുകയായിരുന്നു. തർക്കപരിഹാരമെന്നും ശിക്ഷാവിധിയെന്നും തെളിവ് പരിശോധിക്കുക എന്നും വാദങ്ങളും മറ്റു വാദങ്ങളും കേട്ട് തീരുമാനിക്കുക എന്നും അല്ലാഹുവിന്റെ റസൂൽ വിശദീകരിച്ചപ്പോൾ ഖാസി ഒരു വ്യക്തിയല്ലെന്നും ഒരു പുതിയ നീതിന്യായവേദിയാണെന്നും സഹാബാക്കൾക്ക് മനസ്സിലായി. എന്നിട്ടും ബാക്കിയായ സംശയങ്ങൾ തീർക്കാൻ തിരുനബി(സ.അ) പറഞ്ഞുവെച്ച വാചകങ്ങൾ ചരിത്രത്തിന്റെ ഏടുകളിലുണ്ട്. രണ്ട് പേർ തമ്മിൽ തർക്കമുണ്ടായാൽ രണ്ട് ഭാഗവും കേട്ട് ന്യായമായും നിഷ്പക്ഷമായും പരിഹരിക്കുകയാണ് ഖാസി ചെയ്യേണ്ടത്.'' അദ്ദേഹം പറഞ്ഞു. ഒന്നുകൂടി അദ്ദേഹം അരുൾ ചെയ്തു. തർക്കത്തിൽ ഒരു ഭാഗത്ത് അല്ലാഹുവിന്റെ റസൂലാണെങ്കിൽ പോലും കണ്ണുമടച്ച് മുഖം നോക്കാതെ നീതി മാത്രം ചെയ്യാൻ ഖാസി ബാധ്യസ്ഥനാണ്.'' ഈ പദങ്ങളുടെ ആഴം സഹാബത്തിന്റെ ധിഷണകളെ മാത്രമല്ല പിടിച്ചുകുലുക്കിയത്, ഒരു പുതിയ ചരിത്ര സംവിധാനം തന്നെ അവിടെ ജന്മമെടുക്കുകയായിരുന്നു.

കണ്ണുകെട്ടി നിഷ്പക്ഷതയുടെ തുലാസ് പിടിച്ചുനില്ക്കുന്ന നീതിദേവതയുടെ പ്രതീകാത്മകചിത്രം ഇന്ത്യയിലും വിദേശരാജ്യങ്ങളിലും കോടതികളുടെ മുഖമുദ്രയാണ്. തിരുനബി(സ.അ)യുടെ പുണ്യം ചൊരിഞ്ഞ വാക്കുകൾ കൂട്ടിച്ചേർത്താലും ലഭിക്കുന്നത് ഇതേ ചിത്രമാണ്. അപ്പോൾ ന്യായമായും നമുക്ക് സംശയിക്കാൻ അവകാശമുണ്ട്. ഈ നീതിദേവതയുടെ സങ്കൽപംപോലും അണുവിട തെറ്റാതെ ഇസ്‌ലാമിന്റെ ഏടുകളിൽനിന്ന് എടുത്തുമാറ്റി പാശ്ചാത്യലോകം പുനഃസൃഷ്ടിച്ചതാവണം.

ഭരണ-രാഷ്ട്രനായകന്മാർ കോടതികളിൽ വിചാരണ നേരിടുന്ന പതിവ് കാഴ്ചകൾക്ക് സാക്ഷികളായ നമുക്ക് ഇപ്പോഴും അത്ഭുതത്തോടെയല്ലാതെ തിരുനബി(സ.അ) ഖാസിനിയമം നടത്തിയത് വായിച്ചു തീർക്കാൻ കഴിയില്ല. അത്രമാത്രം ആധുനിക ജുഡീഷ്യറിയുടെ രൂപവും ഭാവവും മുഹമ്മദ് മുസ്തഫ(സ.അ) അന്ന് വരച്ചുകാണിച്ചിരുന്നു. ഇന്ന് ലോകത്ത് ആ ഖാസി സംവിധാനം നിലവിലുള്ളത് അഹ്മദിയ്യാ ജമാഅത്തിൽ മാത്രമാണ് എന്ന് നമുക്ക് അഭിമാനിക്കാം.

ചുരുക്കത്തിൽ ഇന്ന് നാം അറിയുന്ന എല്ലാ അടിസ്ഥാന നിയമങ്ങളും ഇസ്‌ലാമിന്റെ മാത്രം സംഭാവനകളാണ്. ഈ സത്യം ഈ ലോകത്തോട് വല്ലാത്ത ആവേശത്തോടെ വിളിച്ചപറയാൻ പക്ഷെ ഇന്ന് ഒരു ന്യൂനപക്ഷം മാത്രമേയുള്ളൂ. അവരത്രെ നാം- അഹ്മദികൾ.

## വൃദ്ധസദന സന്ദർശനം

**കാക്കനാട്, ഒക്ടോബർ 25:** മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ, കാക്കനാടിന്റെ ആഭിമുഖ്യത്തിൽ ചെറിയപെരുന്നാൾ ദിനത്തിൽ കാക്കനാടുള്ള ഒരു വൃദ്ധസദനം സന്ദർശിച്ച് മധുരപലഹാര വിതരണം നടത്തി. C.S.I. യുടെ കീഴിൽ പ്രവർത്തിക്കുന്ന 'കരുണാലയം' എന്ന വൃദ്ധസദനത്തിലെ 30 അന്തേവാസികളെയാണ് എട്ടോളം ഖാദിംകൾ തങ്ങളുടെ സന്തോഷത്തിൽ പങ്കുചേർത്തത്. ജീവിത സായാഹ്നത്തിൽ ഉറ്റവരാൽ ഉപേക്ഷിക്കപ്പെട്ട 24 സ്ത്രീകളും 6 പുരുഷന്മാരുമാണ് അവിടെ ഉണ്ടായിരുന്നത്. ഏതാണ്ട് എൺപത് വയസ്സിനുമുകളിൽ പ്രായമുണ്ടായിരുന്ന ഇവരിൽ പലരും ശാരീരികമായും മാനസികമായും തളർന്നവരായിരുന്നു. അവർ ആഹ്ലാദപൂർവ്വം പലഹാരം വാങ്ങിക്കഴിക്കുന്ന കാഴ്ച ഖാദിംകളിൽ ആത്മനിർവൃതി ഉളവാക്കി.

മുൻകൂട്ടി അനുവാദം വാങ്ങാതെയാണ് ചെന്നതെങ്കിലും അവിടെ ഉണ്ടായിരുന്ന സിസ്റ്റർമാർ സ്നേഹപൂർവ്വം സ്വീകരിച്ച് പലഹാര വിതരണത്തിനുള്ള സാഹചര്യം ഒരുക്കിത്തന്നു. മുറികളും പരിസരവും വളരെ വൃത്തിയുള്ളതായി കാണപ്പെട്ടു. വൃദ്ധരോടുള്ള അവരുടെ പെരുമാറ്റവും ദയയും അങ്ങേയറ്റം പ്രശംസനാർഹമത്രെ. ഇതുവരെ യാതൊരു മുസ്ലിം സംഘടനയും അവിടം സന്ദർശിച്ചിട്ടില്ലെന്നും മുസ്ലിംകളുടെ ഭാഗത്ത് നിന്ന് ഇതൊരു ആദ്യ അനുഭവമാണെന്നും അവർ പറയുകയുണ്ടായി.

ഏതാണ്ട് അര മണിക്കൂറോളം അവിടെ ചെലവഴിച്ചതിനു ശേഷം തിരികെ വരുമ്പോൾ ഓരോ ഖാദിമിന്റെയും മനസ്സിൽ സൃഷ്ടിസേവനരംഗത്ത് കൂടുതൽ സേവനങ്ങൾ ചെയ്യണമെന്ന ആവേശം അലയടിക്കുകയായിരുന്നു.

## നബികീർത്തന യോഗം



**ചേലക്കര:** ചേലക്കര അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ചേലക്കര ടൗണിൽ 29.9.2006 ചൊവ്വാഴ്ച വിപുലമായ നിലയിൽ നബികീർത്തന യോഗം സംഘടിപ്പിക്കുകയുണ്ടായി. വൈകുന്നേരം 4 മണിക്ക് മൗലവി ഹിദായത്തുല്ലാഹ് സാഹിബ് സഖാഫിയുടെ ഖുർആൻ പാരായണത്തോടെ പരിപാടികൾ ആരംഭിച്ചു. നബി(സ)തിരുമേനിയെ പ്രകീർത്തിച്ചുകൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ്(അ) എഴുതിയ അറബി ഖസീദ മുഹമ്മദുണ്ണി മുസ്ല്യാർ ആലാപനം ചെയ്തു. മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ് ആലപ്പുഴ, പൂർവ വേദങ്ങളിൽ മുഹമ്മദ് നബി (സ)യെക്കുറിച്ചുള്ള പ്രവചനങ്ങൾ എന്ന വിഷയത്തെക്കുറിച്ചും മൗലവി എച്ച്. ശംസുദ്ദീൻ സാഹിബ് കാവശ്ശേരി, നബി(സ) സർവ്വലോകാനുഗ്രഹി എന്ന വിഷയത്തെക്കുറിച്ചും പ്രഭാഷണങ്ങൾ നടത്തി. പാലക്കാട്-തൃശ്ശൂർ മേഖലാ അമീർ ജനാബ് അബ്ദുൽ കരീം സാഹിബ് അദ്ധ്യക്ഷനായിരുന്ന യോഗത്തിൽ ചേലക്കര ജമാഅത്ത് പ്രസിഡണ്ട് ടി. അനസ് സാഹിബ് സ്വാഗതവും മജ്ലിസ് അൻസാറുല്ലാഹ് സഈം എ. ബശീർ അഹ്മദ് സാഹിബ് നന്ദിയും പറഞ്ഞു. തദ്ദേശവാസികൾക്ക് പുറമെ കാവശ്ശേരി, മഞ്ചേരി, അലനല്ലൂർ, പാലക്കാട് തുടങ്ങിയ ജമാഅത്തുകളിൽ നിന്ന് അംഗങ്ങൾ സജീവമായി യോഗത്തിൽ പങ്കെടുത്തു.

*(4-ാം പേജിൽനിന്ന്)*

മൗലിക കർമ്മങ്ങളെ തുടർന്ന് പെരുന്നാൾ ആചരിക്കാൻ അനുവദിക്കുന്നതോടുകൂടി ആ ദിനങ്ങളിൽ മറ്റു ദിവസങ്ങളേക്കാൾ കൂടുതലായി പ്രാർത്ഥനയിലും ധനത്യാഗത്തിലും ശ്രദ്ധിക്കാൻ കല്പിച്ചിരിക്കുന്നു. അതുകൊണ്ടാണ് മറ്റു ദിനങ്ങളിലുള്ളതിനേക്കാൾ കൂടുതലായി ഒരു നമസ്കാരം (പെരുന്നാൾ നമസ്കാരം) കല്പിച്ചത്. നോമ്പ് പെരുന്നാളിനോടനുബന്ധിച്ച് സാധുസംരക്ഷണത്തിന്നായി ഫിത്ർ സക്കാത്ത് നിശ്ചയിച്ചതും ഹജ്ജ് പെരുന്നാളിന് മൃഗബലി നിഷ്കർഷിച്ചതും മനുഷ്യൻ സന്തോഷവേളകളിലും കൂടുതൽ ത്യാഗബന്ധനാവാനാണ്. ഇതിനുപുറമെ പെരുന്നാൾ സന്തോഷത്തിന് നന്ദി പ്രകാശിപ്പിച്ചുകൊണ്ട് നൽകുന്ന ഈദ് ഫണ്ട് സമ്പ്രദായവും ഇസ്ലാമിലുണ്ട്.

വ്രതമാസത്തിൽ അതനുഷ്ഠിക്കാതെയും ദാനധർമ്മങ്ങൾ നൽകാതെയും ഹജ്ജിന്റെയും ബലിയുടെയും ആത്മാവ് മനസ്സിലാക്കാതെയുമുള്ള പെരുന്നാളാഘോഷം ഒരിക്കലും ഇസ്ലാമികമല്ല. ത്യാഗങ്ങൾക്കൊന്നും മുതിരാതെ പെരുന്നാൾ ദിവസം നല്ല വസ്ത്രം ധരിച്ചും വയറുനിറയെ ഭക്ഷണം കഴിച്ചും മാത്രം കഴിയുന്നവന് പെരുന്നാളിന്റെ ആത്മാവ് ലഭ്യമാവുകയില്ല.

ഇസ്ലാം നിർദ്ദേശിക്കുന്ന പെരുന്നാളുകൾ സാമൂഹ്യജീവിതത്തെ സുന്ദരമാക്കിത്തീർക്കുന്നതിന് പര്യാപ്തമായ നിർദ്ദേശങ്ങൾ അടങ്ങിയവയാണ്. അത് സാധുജനത്തെ ദാനർമ്മങ്ങൾ കൊണ്ട് സഹായിക്കാൻ പഠിപ്പിക്കുന്നതോടൊപ്പം ജീവിതവിജയത്തിന് ത്യാഗപൂർവ്വമായ സമീപനം അനിവാര്യമാണെന്ന തത്ത്വം പ്രഘോഷിക്കുകയും ചെയ്യുന്നു. പെരുന്നാൾ ദിവസം ഒരു പ്രദേശത്തെ മുഴുവനാളുകളും ഒരുസ്ഥലത്ത് സമ്മേളിച്ച് ദൈവാരാധന നടത്തണമെന്ന് നിർദ്ദേശിക്കുന്നതിലൂടെ ഐക്യത്തിന്റെയും സമഭാവനയുടെയും സന്ദേശം നൽകുകയും ചെയ്യുന്നു. മുസ്ലിംകൾ യഥാർത്ഥ ഇസ്ലാമീക പെരുന്നാളിലേക്ക് തിരിയേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ സമാധാനത്തിന്റെ, സമഭവാനയുടെ, ത്യാഗത്തിന്റെ ഇസ്ലാമികസന്ദേശം ജനങ്ങൾക്ക് നൽകാനാവുകയുള്ളൂ.

## പെരുന്നാൾ ദിനത്തിൽ അഗതികൾക്ക് ഉച്ചഭക്ഷണം വിതരണം ചെയ്തു



**ആലപ്പുഴ, ഒക്ടോബർ 25:** ആലപ്പുഴ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ നേതൃത്വത്തിൽ ചെറിയപെരുന്നാൾ ദിനത്തിൽ സമീപപ്രദേശത്ത് സ്ഥിതി ചെയ്യുന്ന വൃദ്ധസദനത്തിൽ ഉച്ചഭക്ഷണം വിതരണം ചെയ്തു. അതോടൊപ്പം അന്തേവാസികൾക്ക് വസ്ത്രം അലക്കുന്നതിനും കുളിക്കുന്നതിനുമുള്ള സോപ്പുകളും എണ്ണയും വിതരണം ചെയ്യുകയുണ്ടായി. പ്രസ്തുത സന്ദർശനത്തിൽ നല്ലൊരു ശതമാനം ഖാദിംകളും അൻസാറുകളും പങ്കെടുത്തു.

ഏവരുടെയും കണ്ണുകളെ ഈറനണിയിക്കുന്ന പല ദൃശ്യങ്ങളും അവിടം സാക്ഷ്യം വഹിച്ചു. ആരോരുമില്ലാത്തവർ വാർദ്ധ്യക്യത്തിൽ മക്കളാലും ബന്ധുക്കളാലും ഉപേക്ഷിക്കപ്പെട്ടവരും, പലതരം രോഗങ്ങൾക്കൊണ്ട് വിഷമിക്കുന്നവരും, അന്ധരും, ബധിരരും, മനസ്സിന്റെ താളം തെറ്റിയവരും, അങ്ങനെ പലതരം ജീവിതങ്ങളെ അവിടെ ദർശിക്കുവാൻ കഴിഞ്ഞു.

ഖാദിംകളിൽ പലരും അന്തേവാസികളോട് കുശലങ്ങൾ അന്വേഷിക്കുകയും അവരുടെ വേദനകളും ദുഃഖങ്ങളും ആവലാതികളും ശ്രദ്ധയോടെ ശ്രവിക്കുകയുമുണ്ടായി. ചിലർ അവരോടൊപ്പം ഉച്ചഭക്ഷണം കഴിച്ചും തങ്ങളാൽ കഴിയുന്ന എല്ലാ സഹായങ്ങളും ഇനിയും ചെയ്തു തരാമെന്ന് അന്തേവാസികൾക്ക് ഉറപ്പുനൽകി അവരെ ആശ്വസിപ്പിക്കുകയും ചെയ്തു.

പെരുന്നാൾ സുദിനം മനസ്സിന് ആത്മീയാനന്ദം നൽകുന്ന ഒരു പ്രവൃത്തിയിൽ വ്യാപരിക്കുവാൻ കഴിഞ്ഞതിൽ എല്ലാവരിലും നിറഞ്ഞ ചാരിതാർത്ഥ്യം നിഴലിച്ചു.

പരിപാടികൾക്ക് എല്ലാവിധ പ്രോത്സാഹനവും നേതൃത്വപരമായ പങ്കും നിർവ്വഹിച്ചുകൊണ്ട് ജമാഅത്ത് പ്രസിഡണ്ട് ടി. എച്ച്. അബ്ദുറസാഖ് സാഹിബ്, മൗലവി മുഹമ്മദ് നജീബ് ഖാൻ സാഹിബ്, മൗലവി സുബൈർ സാഹിബ്, ഖാഇദ് മുബാറക് സാഹിബ്, അൻസാർ സഈം കെ. ജലാൽ സാഹിബ് എന്നിവർ പങ്കെടുത്തു.

## ഖിദ്മത്തെ ഖൽഖ്

**പള്ളുരുത്തി:** സൗത്ത് കേരളാ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യയുടെ ആഭിമുഖ്യത്തിൽ പള്ളുരുത്തിയിലെ കോർപറേഷൻ വക അഗതി മന്ദിരത്തിലെ അന്തേവാസികൾക്ക് ചെരുപ്പുകൾ, ബനിയനുകൾ, നൈറ്റികൾ എന്നിവ വിതരണം ചെയ്തു.

ഇവിടത്തെ അന്തേവാസികളുടെ ദുരിതങ്ങൾക്ക് ആശ്വാസം പകരാൻ കഴിഞ്ഞത് ഖാദിംകളുടെ മനസ്സിന് ആഹ്ലാദം പകർന്നു. കൂടാതെ അധികൃതരുടെ ആവശ്യപ്രകാരം അവിടത്തെ രോഗികളായ അന്തേവാസികൾക്ക് മരുന്നുകളും എത്തിച്ചുകൊടുക്കുവാൻ കഴിഞ്ഞു.

റമസാൻ മാസത്തിൽ പള്ളുരുത്തി മജ്ലിസിന്റെ ആഭിമുഖ്യത്തിൽ എല്ലാ ദിവസവും നോമ്പു തുറയ്ക്കുള്ള സംവിധാനവും അന്തേവാസികൾക്കായി ചെയ്തുകൊടുക്കുകയുണ്ടായി.



*അത്ഫാൽ അഖിലേന്ത്യാ ഇജ്തിമയിൽ ഹിലാൽ വിഭാഗത്തിൽ മികച്ച അത്ഫാലായി തിരഞ്ഞെടുക്കപ്പെട്ട ഹാദി അദ്നാൻ (പത്തപ്പിരിയം)*

*(4-ാം പേജിൽനിന്ന്)*

യപ്പെടുകയും നിർബന്ധമായി കലിമ ചൊല്ലിപ്പിക്കുകയും ചെയ്തു.

ക്രിസ്ത്യാനികൾക്കെതിരായി മാത്രമല്ല, ഇതര ന്യൂനപക്ഷവിഭാഗങ്ങൾക്കെതിരെയും മുഷറഫ് ഭരണത്തിൻകീഴിൽ അതിക്രമം വർദ്ധിക്കുകയാണ്. അഹ്മദിയ്യാ വിഭാഗക്കാർക്കെതിരെയും ആസൂത്രിതമായ ആക്രമണങ്ങളാണ് നടക്കുന്നത്. പാക്കിസ്ഥാനിലെ അഹ്മദികൾ പലവിധത്തിലുമുള്ള പീഡനങ്ങൾക്ക് വിധേയരാവുന്നു. വോട്ടവകാശംപോലും നിഷേധിക്കപ്പെടുന്ന തരത്തിലുള്ള വിവേചനമാണ് ഇക്കൂട്ടർക്കെതിരെ നിലവിലുള്ളത്. പാക്കിസ്ഥാനി പാസ്പോർട്ടിൽ അഹ്മദികളെ അമുസ്ലിംകളെന്ന് കാണിച്ചിരിക്കുന്നതിനാൽ ഇവർക്ക് ഹജ്ജ് ചെയ്യാൻ സാധിച്ചിരുന്നില്ല. 2004 ഡിസംബറിൽ ഈ കോളം പാസ്പോർട്ടിൽ നിന്ന് മാറ്റാൻ ഗവർമ്മെന്റ് തീരുമാനിച്ചപ്പോൾ അഹ്മദികൾ പ്രതീക്ഷയോടെ കാത്തിരുന്നു. എന്നാൽ മാർച്ച് 2005 -ൽ ഈ തീരുമാനത്തെ ഒരു മന്ത്രിതല കമ്മറ്റി നിരസിച്ചതോടെ അഹ്മദികളുടെ ഹജ്ജ് പ്രതീക്ഷ പൊലിഞ്ഞു. മതമൗലികശക്തികളുടെ ഇടപെടലാണ് ഈ പുനഃവിചിന്തനത്തിന് ഗവർമ്മെന്റിനെ പ്രേരിപ്പിച്ചതെന്ന് കരുതപ്പെടുന്നു. ഒരുപക്ഷേ, നിയമം കാരണം സ്വന്തം വിശ്വാസവും, വ്യക്തിത്ത്വവും മറക്കേണ്ടിവരുന്ന ലോകത്തിലെ ഏക വിഭാഗം അഹ്മദികളായിരിക്കും. 2005-06-ൽ അഹ്മദിയ്യാ വിഭാഗക്കാർക്കെതിരെ നടന്ന അതിക്രമങ്ങളിൽ ചിലത് താഴെ ചേർക്കുന്നു.

1) 2005 ഒക്ടോബറിൽ മസ്ജിദ് ബഹാഉദ്ദീനിൽ നമസ്കരിച്ചുകൊണ്ടിരുന്ന അഹ്മദികൾക്കെതിരെ അജ്ഞാതരായ തോക്കുധാരികൾ നടത്തിയ ആക്രമണത്തിൽ 8 ആളുകൾ തൽക്ഷണം മരണമടയുകയും 14-ഓളം പേർക്ക് ഗുരുതരമായി മുറിവേല്ക്കുകയും ചെയ്തു.

2) 2005 ജൂണിൽ സിയാൽകോട്ട് ജില്ലയിലെ ജൻഡുസാഹി എന്ന സ്ഥലത്തെ അഹ്മദിയ്യാ ഭവനങ്ങളും രണ്ട് അഹ്മദികളുടെ കടകളും അക്രമാസക്തരായ ജനക്കൂട്ടം കത്തിക്കുകയും കൊള്ളയടിക്കുകയും ചെയ്തു. ഈ പട്ടണത്തിലെ മുഴുവൻ അഹ്മദി സമൂഹത്തെയും ഭീഷണിപ്പെടുത്തുകയും, അപഹസിക്കുകയുമാണ്ടായി.

3) സെപ്തംബർ 2006 ചിനാബ് നഗറിലുള്ള അഹ്മദിയ്യാ കേന്ദ്രം അക്രമാസക്തരായ മതമൗലികവാദികൾ ആക്രമിക്കുകയും ഓഫീസും ലൈബ്രറിയും തകർക്കുകയും ചെയ്തു. ഇവിടെനിന്ന് ഖാസിം അഹ്മദ്, അബ്ദുസ്സത്താർ എന്നിവരെ ജനക്കൂട്ടം പിടിച്ചുകൊണ്ടുപോയി അടുത്തുള്ള പോലീസ് സ്റ്റേഷനിൽ ഏല്പിച്ചു. ഇരുവരെയും ജാമ്യത്തിൽ വിടാതെ പോലീസ് കസ്റ്റഡിയിൽ തന്നെയാണിപ്പോഴുമുള്ളത്.

ഹിന്ദുമതാനുയായികൾ പാക്കിസ്ഥാനിലെ മറ്റൊരു ന്യൂനപക്ഷമായ ഇവർക്കെതിരെയും അക്രമങ്ങളുണ്ട്. ന്യൂനപക്ഷങ്ങൾക്കെതിരെയുള്ള അതിക്രമങ്ങളെ ചെറുക്കാൻ പാക്കിസ്ഥാനിലെ മനുഷ്യാവകാശ സംഘടനകൾ നിരന്തരം ആവശ്യപ്പെടുന്നുണ്ട്. പക്ഷേ, പാക്ക് പ്രസിഡന്റ് ഈ മുഷറഫടക്കം ഇന്നേവരെ അധികാരികളൊന്നും തന്നെ പറയത്തക്ക നടപടികളൊന്നും കൈകൊണ്ടിട്ടില്ല. എന്തായാലും പാക്കിസ്ഥാനിലെ മത-വർഗ്ഗീയ ന്യൂനപക്ഷങ്ങളെയും തുല്യരായി അംഗീകരിക്കുന്ന ഒരു ദിവസം വരുമെന്ന പ്രതീക്ഷയിൽതന്നെയാണ് പാക്ക് മനുഷ്യാവകാശ സംഘടനകൾ.

**(പാക്കിസ്ഥാനി മനുഷ്യാവകാശ പ്രവർത്തകർ റെഹ്മാൻഫയിസ് കൗണ്ടർ കറണ്ട് ഓർഗ് എന്ന പോർട്ടലിൽ എഴുതിയ ഉപന്യാസത്തിന്റെ സ്വതന്ത്ര പരിഭാഷ)**

Published by Dr. Salahudheen, North Ilaqa Qaid for Majlis Khuddamul Ahmadiyya. Chief Editor - B.M. Shoukhathali, Editor - Shamsudheen, Kannur.